നവകേരളം കർമപദ്ധതി
ഓൺലൈൻ
നവകേരളം വാർത്ത
2025 ഏപ്രിൽ വാല്യം 1
ന്യൂസ് ലെറ്റർ
51

# പരിസ്ഥിതി സംരക്ഷണവും വികസന ലക്ഷ്യം മുഖ്യമന്ത്രി പിണറായി വിജയൻ



പരിസ്ഥിതി സംരക്ഷണത്തെയും വികസന ലക്ഷ്യങ്ങളുടെ ഭാഗമായി തന്നെയാണ് കാണുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരളം വികസന മുന്നേറ്റത്തിന്റെ പാതയിലാണെന്നും കേരള വികസന മാതൃകയുടെ പുതിയ പതിപ്പ് യാഥാർത്ഥ്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. ഹരിത കേരളം മിഷൻ സംഘടിപ്പിച്ച പരിസ്ഥിതി സംഗമം തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. നവകേരളത്തിനായി ജലസുരക്ഷാ സമീപന രേഖയും മുഖ്യമന്ത്രി പ്രകാശനം ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ ഐ.എ.എസ്. ജലസുരക്ഷാ സമീപന രേഖ ഏറ്റുവാങ്ങി.

സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾക്ക് ജലം ഉറപ്പാക്കണം. അതേസമയം ഈ സംരംഭങ്ങൾ യാഥാർത്ഥ്യമാകുമ്പോൾ അവിടെ കുറ്റമറ്റ മാലിന്യ സംസ്കരണ സംവിധാനങ്ങളും ഉറപ്പാക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

പരിസ്ഥിതി മേഖലയിലും, ജലമേഖലയിലും, മാലിന്യ പരിപാലന രംഗത്തും വിവിധ ക്യാമ്പയിനുകൾ ഉൾപ്പെടെ ഹരിതകേരളം മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ ഗുണപരമായ മാറ്റങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുന്നതായി മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. പ്രാദേശിക തലത്തിൽ ജലലഭ്യത ഉറപ്പാക്കേണ്ടത് അത്യാവശ്യമാണെന്നും ഇക്കാര്യം മുൻനിർത്തി 673 ഗ്രാമപഞ്ചായത്തുകൾ ജല ബജറ്റ് തയ്യാറാക്കിയത് ശ്രദ്ധേയമാണെന്നും ജല ബജറ്റിനെ അധികരിച്ചുള്ള തുടർ പ്രവർത്തനം ആവശ്യമാണെന്നും മുഖ്യമന്ത്രി ഓർമ്മിപ്പിച്ചു.



മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഏറെ മാറ്റങ്ങൾ ഉണ്ടായി. ഇതിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട ഹരിത ടൗണുകളും ഹരിത ടൂറിസം കേന്ദ്രങ്ങളും സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കണം. ജലസ്രോതസ്സുകൾ വീണ്ടെടുത്ത് ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിലൂടെ ടാങ്കർ ലോറിയിലൂടെയുള്ള കുടിവെള്ള വിതരണം മൂന്നുവർഷത്തിനുള്ളിൽ നിർത്തലാക്കാനാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി സംസ്ഥാനത്ത് മികച്ചതും മാതൃകാപരവുമായ പ്രവർത്തനങ്ങൾ നടത്തിയ തദ്ദേശ സ്ഥാപനങ്ങളെയും വ്യക്തികളെയും സ്ഥാപനങ്ങളെയും ചടങ്ങിൽ ആദരിച്ചു. പശ്ചിമഘട്ട പ്രദേശങ്ങളിൽ തരിശ് കിടക്കുന്ന തണ്ണീർ തടങ്ങളിൽ നെൽകൃഷി തിരികെ കൊണ്ടുവരാൻ നടത്തിയ പ്രവർത്തനങ്ങൾക്ക് പ്രചോദനമായ ഇടുക്കി അടിമാലിയിലെ കട്ടമുടിയിൽ നിന്നുള്ള നീലമ്മയെ മുഖ്യമന്ത്രി ആദരിച്ചു. പ്രളയത്തിലും കോവിഡിലും തങ്ങൾക്ക് ഭക്ഷണവും അരിയും നൽകി ചേർത്തു നിർത്തിയത് മുഖ്യമന്ത്രി ആണെന്ന് പറഞ്ഞ് കട്ടമുടിയിൽ നിന്ന് കൊണ്ടുവന്ന അരി മുഖ്യമന്ത്രിക്ക് നൽകി നീലമ്മ നന്ദി പ്രകാശിപ്പിച്ചു. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ



ഡോ. ടി.എൻ. സീമ സ്വാഗതം ആശംസിച്ചു. തിരുവനന്തപുരം കോർപ്പറേഷൻ മേയർ ആര്യ രാജേന്ദ്രൻ എസ്., ഐ.ബി. സതീഷ് എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ, സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ ഡോ. ജിജു പി. അലക്സ്, തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി ടി.വി. അനുപമ ഐ.എ.എസ്., കെ.എസ്. ഡബ്ല്യു.എം.പി. എക്സിക്യൂട്ടീവ് ഡയറക്ടർ ദിവ്യ എസ്. അയ്യർ ഐ.എ.എസ്., കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി കെ. സുരേഷ്, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമാൻ കേരള ജനറൽ സെക്രട്ടറി എം.കൃഷ്ണദാസ്, എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടർ ഇൻ ചാർജ് രവിരാജ് ആർ., ക്ലീൻ കേരള കമ്പനി ഡയറക്ടർ ജി.കെ. സുരേഷ്കുമാർ തുടങ്ങിയവർ പങ്കെടുത്തു. പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് ജോയിന്റ് ഡയറക്ടർ രജത്ത് നന്ദി പ്രകാശിപ്പിച്ചു.

## എഡിറ്റോറിയൽ

# സാർത്ഥകം പരിസ്ഥിതി സംഗമം



ലോക ജലദിനത്തോടനുബന്ധിച്ച് 2025 മാർച്ച് 24, 25 തീയതികളിൽ ഹരിതകേരളം മിഷൻ തിരുവനന്തപുരത്ത് സംഘടിപ്പിച്ച പരിസ്ഥിതി സംഗമം സംഘാടന മികവു കൊണ്ടും മികച്ച മാതൃകാ പ്രവർത്തനങ്ങളുടെ അവതരണം കൊണ്ടും ശ്രദ്ധേയമായി. പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെട്ട് പദ്ധതികൾ നടപ്പിലാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹരിതകേരളം മിഷൻ നൽകിയ പിന്തുണ ഫലപ്രാപ്തിയിലെത്തിയതിന്റെ ഉദാഹരണങ്ങളായിരുന്നു പരിസ്ഥിതി സംഗമത്തിൽ നടന്ന അവതരണങ്ങൾ. വൈവിധ്യവും സാങ്കേതിക തികവാർന്നതുമായ പ്രവർത്തന മികവുകൾ പൊതുസമൂഹത്തിന്റെ ശ്രദ്ധയിലേക്കെത്തിക്കാൻ പരിസ്ഥിതി സംഗമത്തിനു കഴിഞ്ഞു.

കേരളത്തിന്റെ കാർഷിക സംസ്കാരവും പച്ചപ്പും തിരിച്ചു പിടിക്കാൻ പ്രകൃതി സംരക്ഷണത്തിൽ ഊന്നിയുള്ള വികസന പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാരിന്റെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ കഴിഞ്ഞ ഒൻപതു വർഷങ്ങളിലായി നടന്നു വരുന്നത്. രാജ്യമൊട്ടാകെ അനുകരിക്കേണ്ട രീതി ശാസ്ത്രമാണ് ഇതിനായി അനുവർത്തിച്ചു വരുന്നത്. കാരണം ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങളിലേയ്ക്കുള്ള പ്രയാണത്തിൽ സുപ്രധാനമാണല്ലോ പരിസ്ഥിതി.

പരിസ്ഥിതി സംരക്ഷണത്തെയും വികസന ലക്ഷ്യമായി കാണുകയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിസ്ഥിതി സംഗമം ഉദ്ഘാടനം ചെയ്തു കൊണ്ട് വ്യക്തമാക്കിയിരുന്നു. വ്യവസായ വളർച്ചയ്ക്കൊപ്പം പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്ന കേരള വികസന മാതൃകയുടെ പുതിയൊരു പതിപ്പ് സൃഷ്ടിക്കുകയെന്നതാണ് സംസ്ഥാന സർക്കാർ നിലപാട് എന്നു മുഖ്യമന്ത്രി വ്യക്തമാക്കുകയുണ്ടായി. ഈ ദിശയിലുള്ള പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്നത്. കേരളം വലിയ തോതിലുള്ള വികസനത്തിന് സാക്ഷ്യം വഹിക്കുകയാണ്. ഐ.ടി., ആരോഗ്യം, ടൂറിസം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ മേഖലകളിൽ നിരവധി സംരംഭങ്ങളാണ് കേരളത്തിൽ ആരംഭിച്ചിട്ടുള്ളത്. പരിസ്ഥിതി മലിനീകരണത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ദോഷഫലങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആഗോളതാപനം കുറയ്ക്കുന്നതിനുള്ള മാതൃകാപരമായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ആഗോള കാലാവസ്ഥാ പ്രതിഭാസങ്ങളെ പഠനവിധേയമാക്കി അവയ്ക്ക് കേരള പരിസ്ഥിതിയിൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ മുന്നിൽ കണ്ടുകൊണ്ടാകണം നമ്മുടെ വികസന പ്രവർത്തനങ്ങൾ. ഈ സാരാംശം ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനത്തിന്റെ വികസനം, പരിസ്ഥിതി എന്നീ വിഷയങ്ങളിൽ ഊന്നിയുള്ള നവീന ആശയങ്ങൾക്ക് നാന്ദി കുറിക്കാൻ പരിസ്ഥിതി സംഗമത്തിനു കഴിഞ്ഞുവെന്നതും ശ്രദ്ധേയം.


**ഡോ. ടി.എൻ. സീമ**

*സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2*

*വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ*

# പരിസ്ഥിതി സംഗമം മികച്ച ജനകീയ വിദ്യാഭ്യാസ പരിപാടിയായി

ലോക ജലദിനത്തോടനുബന്ധിച്ച് ജലസുരക്ഷ, പരിസ്ഥിതി പുനസ്ഥാപനം, മാലിന്യ പരിപാലനം, നെറ്റ് സീറോ കാർബൺ കേരളം എന്നീ മികച്ച മാതൃകകളെ ഉൾപ്പെടുത്തി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച പരിസ്ഥിതി സംഗമം മികച്ച ജനകീയ വിദ്യാഭ്യാസ പരിപാടിയായി മാറി. 2025 മാർച്ച് 24



ന് മുഖ്യമന്ത്രി പിണറായി വിജയനാണ് പരിസ്ഥിതി സംഗമം ഉദ്ഘാടനം ചെയ്തത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടന്നുവരുന്ന മികച്ച മാതൃകാ പ്രവർത്തനങ്ങളിൽ ജലസംരക്ഷണവുമായി ബന്ധപ്പെട്ട് 15 ഉം മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് 25 ഉം, നെറ്റ് സീറോ കാർബൺ കേരളവുമായി ബന്ധപ്പെട്ട് 10ഉം, പച്ചത്തുരുത്തുകളുടെ മാതൃകാ പ്രവർത്തനങ്ങളായി 13 ഉം അവതരണങ്ങളാണ് രണ്ട് സമാന്തര വേദികളിലായി നടന്നത്. പരിസ്ഥിതി മേഖലയിലെ വിദഗ്ധരുടെ പാനലാണ് ഈ അവതരണങ്ങൾക്ക് നേതൃത്വം നൽകിയത്. പരിസ്ഥിതി സംഗമം സമാപന സെഷനിൽ നെറ്റ് സീറോ കാർബൺ കേരളം പ്രവർത്തനങ്ങളിൽ പങ്കാളികളായ സ്ഥാപനങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ വിതരണം ചെയ്തു. പരിസ്ഥിതി സംഗമം പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളുടെ നേർക്കാഴ്ചപോലെയായതായി സമാപന സമ്മേളനം ക്രോഡീകരിച്ചു സംസാരിച്ച ഡോ. ടി.എൻ. സീമ പറഞ്ഞു. സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ ഡോ. ജിജു പി. അലക്സ് അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ എബ്രഹാം കോശി സ്വാഗതവും നവകേരളം കർമപദ്ധതി അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി. സുധാകരൻ നന്ദിയും പറഞ്ഞു. കൃഷി ഉപമിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ എസ്.യു. സഞ്ജീവ് സംസാരിച്ചു. രണ്ട് ദിവസം നടന്ന പരിസ്ഥിതി സംഗമത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നായി ആയിരത്തിലധികം ആളുകൾ പങ്കെടുത്തു.




'നവകേരളം വാർത്ത'യുടെ 50-ാം പതിപ്പ് പ്രകാശനം പരിസ്ഥിതി സംഗമം വേദിയിൽ നടന്നു.

# മാലിന്യ നിർമാർജനത്തിൽ ലോകത്തിന് മാതൃകയായ പ്രവർത്തനങ്ങൾ ഏറ്റെടുക്കണം: മുഖ്യമന്ത്രി



മാനവിക വികസന സൂചികകളിൽ അടക്കം ജനകീയ ഇടപെടലിലൂടെ വൻ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള സംസ്ഥാനമെന്ന നിലയിൽ മാലിന്യ നിർമാർജനത്തിൽ ലോകത്തിന് മാതൃകയാകുന്ന പ്രവർത്തനങ്ങൾ കേരളം ഏറ്റെടുക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തദ്ദേശ സ്വയംഭരണ വകുപ്പ് സംഘടിപ്പിച്ച ക്ലീൻ കേരള കോൺക്ലേവ് 'വൃത്തി 2025'ന്റെ ഉദ്ഘാടനം തിരുവനന്തപുരത്ത് കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

2016 ൽ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നവകേരളം കർമപദ്ധതിയുടെ ഭാഗമായി മാലിന്യനിർമാർജനത്തെ പ്രധാന അജണ്ടയായി ഏറ്റെടുത്തു. വികേന്ദ്രീയ സംസ്കരണത്തിനുള്ള അറിവ് വ്യാപകമാക്കുക, ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക, അതിലേക്കുള്ള സാങ്കേതിവിദ്യകൾ ലഭ്യമാക്കുക ഇതെല്ലാമായിരുന്നു ആദ്യഘട്ടത്തിലെ ലക്ഷ്യം. അതിന്റെ തുടർച്ചയായാണ് ഈ സർക്കാർ മാലിന്യമുക്ത നവകേരളം ക്യാമ്പയിന് തുടക്കമിട്ടത്. സംസ്ഥാനത്ത് 1330 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകളും 19721 മിനി എം.സി.എഫ്. സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. 1832 ബോട്ടിൽ ബൂത്തുകളും 192 റിസോഴ്സ് റിക്കവറി ഫെസിലിറ്റീസ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. മുപ്പത്തിയേഴായിരത്തിലധികം വരുന്ന ഹരിത കർമസേന അംഗങ്ങളിലൂടെ കഴിഞ്ഞ ഒരുവർഷത്തിനുള്ളിൽ 61664 ടൺ മാലിന്യം ശേഖരിക്കാനായി. മൂന്നേ മുക്കാൽ ലക്ഷത്തോളം ചതുരശ്രയടിയിൽ മാലിന്യശേഖരണ സംവിധാനങ്ങൾ ഒരുക്കി. 1019 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ആപ്ലിക്കേഷൻ തയ്യാറാക്കി. 89 ലക്ഷം വീടുകൾ വഴിയുള്ള മാലിന്യനീക്കം ഡിജിറ്റൽ ട്രാക്കിംഗ് സംവിധാനത്തിലേക്ക് മാറ്റി. 19489 പഞ്ചായത്ത്- നഗരസഭ വാർഡുകളിൽ 19093 എണ്ണവും 1034 തദ്ദേശസ്ഥാപനങ്ങളിൽ 1027 എണ്ണവും മാലിന്യമുക്തമായി പ്രഖ്യാപിക്കാനായി. സർക്കാർ നിശ്ചയിച്ചിട്ടുള്ള മാലിന്യനിർമാർജന മാനദണ്ഡങ്ങളിൽ 80 ശതമാനവും പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് മാലിന്യമുക്തമായി പ്രഖ്യാപിച്ചത്.

ബ്രഹ്മപുരം തീപിടുത്തമാണ് മാലിന്യമുക്ത നവകേരളം ക്യാമ്പയിലേക്ക് വഴിതെളിച്ചതെന്ന് പരിപാടിയിൽ അധ്യക്ഷനായിരുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. ഹരിതകർമ സേനയെ കേരളത്തിന്റെ ശുചിത്വ സൈന്യമായാണ് കണക്കാക്കുന്നത്. മാലിന്യങ്ങളുടെ വിറ്റുവരവിലൂടെ 348.9 കോടി രൂപ ഹരിത കർമസേനയ്ക്ക് ഈ വർഷം വരുമാനമായി ലഭിച്ചതായും മന്ത്രി പറഞ്ഞു.

മാലിന്യ സംസ്കരണ സമഗ്ര റിപ്പോർട്ട് മുഖ്യമന്ത്രി പ്രകാശനം ചെയ്തു. നവകേരളം കർമപദ്ധതി-2 കോർഡിനേറ്റർ ഡോ. ടി.എൻ. സീമ റിപ്പോർട്ട് ഏറ്റുവാങ്ങി. മാലിന്യ സംസ്കരണ രംഗത്ത് മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച് യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയ കണ്ണൂർ, കോഴിക്കോട്, തൃശൂർ ജില്ലകൾക്ക് മന്ത്രി എം.ബി. രാജേഷ് അവാർഡുകൾ വിതരണം ചെയ്തു.

# മാലിന്യസംസ്കരണത്തിൽ കേരളം മാതൃക സൃഷ്ടിക്കുന്നു: മന്ത്രി എം.ബി. രാജേഷ്

കേരളം വികേന്ദ്രീകൃതവും ജനകീയവുമായ മാലിന്യസംസ്കരണ മോഡൽ സൃഷ്ടിക്കുകയാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ്. കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന ദേശീയ ക്ലീൻ കേരള കോൺക്ലേവ് 'വൃത്തി 2025' ന്റെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാലിന്യ പരിപാലന രംഗത്ത് ജനങ്ങളെ മുഴുവൻ പങ്കാളികളാക്കുമ്പോഴാണ് പൂർണതോതിൽ വിജയിക്കാൻ കഴിയുകയെന്നും




അദ്ദേഹം പറഞ്ഞു. ഒറ്റപ്പെട്ട മാതൃകകളിൽ നിന്ന് കേരളമാകെ വിജയകരമായ ഒരു മാതൃകയ്ക്ക് ഗതിവേഗം കൈവന്നിരിക്കുകയാണ്.

മാലിന്യ സംസ്കരണം മികച്ച രീതിയിൽ നടപ്പാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡുകൾ സമ്മാനിച്ചു. മികച്ച ഗ്രാമപഞ്ചായത്തിനുള്ള ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം ആമ്പല്ലൂർ, മണിയൂർ, പുന്നപ്ര പഞ്ചായത്തുകൾ നേടി. മികച്ച മുനിസിപ്പാലിറ്റിക്കുള്ള അവാർഡ് ഗുരുവായൂർ, ആന്തൂർ, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റികളും, മികച്ച കോർപ്പറേഷനുകളായി കോഴിക്കോട്, തൃശ്ശൂർ കോർപ്പറേഷനുകളും, തിരുവനന്തപുരം കോർപ്പറേഷന് ആറ്റുകാൽ പൊങ്കാല സംസ്ഥാന സ്കൂൾ യുവജനോത്സവം എന്നീ വലിയ പരിപാടികൾ സംബന്ധിച്ച മാലിന്യ നിർമാർജനം വിജയകരമായി നടപ്പാക്കിയത്തിനുള്ള പ്രത്യേക അവാർഡും സമ്മാനിച്ചു.

വി.കെ. പ്രശാന്ത് എംഎൽഎ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ ടി.വി. തുടങ്ങിയവർ പങ്കെടുത്തു.

# എറണാകുളം : സമ്പൂർണ്ണ മാലിന്യമുക്ത ജില്ലാ പ്രഖ്യാപനം മന്ത്രി പി. രാജീവ് നിർവഹിച്ചു

എറണാകുളം ജില്ലയെ സമ്പൂർണ്ണ മാലിന്യ മുക്ത ജില്ലയായി മന്ത്രി പി. രാജീവ് ഓൺലൈനായി പ്രഖ്യാപിച്ചു. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് റിപ്പോർട്ട് അവതരിപ്പിച്ചു. ടി.ജെ. വിനോദ് എം.എൽ.എ. മുഖ്യ പ്രഭാഷണം നടത്തി. ജോയിന്റ് ഡയറക്ടർ ജോയി കെ.ജെ., ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. എൽസി ജോർജ്. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ്., കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ റജീന റ്റി.എം., ശുചിത്വമിഷൻ പ്രോഗ്രാം ഓഫീസർ ധന്യ ജോസി, കില ഫെസിലിറ്റേറ്റർ ജുബൈരിയ ഐസക്. ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, തദ്ദേശ സ്ഥാപനതല അധ്യക്ഷൻമാർ, സെക്രട്ടറിമാർ എന്നിവർ യോഗത്തിൽ സംസാരിച്ചു . മാലിന്യ സംസ്കരണത്തിൽ മികച്ച പ്രവർത്തനത്തിൽ ജില്ലയിലെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്തായി ആമ്പല്ലൂരും മികച്ച നഗരസഭയായി ഏലൂർ നഗരസഭയെയും തെരഞ്ഞെടുത്തു. ജില്ലയിലെ മികച്ച കമ്മ്യൂണിറ്റി കമ്പോസ്റ്റ് യൂണിറ്റ് സംവിധാനം കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് എന്നിവരെയും തെരഞ്ഞെടുത്തു.



# ശുചിത്വത്തിന് ഒപ്പം കളമശേരി

‘ശുചിത്വത്തിന് ഒപ്പം കളമശേരി’ ക്യാമ്പയിനിൽ ഏറ്റവും ആദ്യം ലക്ഷ്യം കൈവരിച്ചത് ഏലൂർ നഗരസഭയാണെന്ന് വ്യവസായ വകുപ്പു മന്ത്രി പി രാജീവ് പറഞ്ഞു. മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി ഏലൂരിനെ സമ്പൂർണ്ണ ശുചിത്വ നഗരമായി പ്രഖ്യാപിക്കുന്ന ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയിരുന്നു മന്ത്രി. കേരളത്തിൽ തന്നെ ഹരിത കർമ്മ സേന അംഗങ്ങൾക്ക് മികച്ച വേതനം ലഭിക്കുന്നത് ഏലൂർ നഗരസഭയിൽ ആണെന്നും മന്ത്രി പറഞ്ഞു. കക്ഷി രാഷ്ട്രീയത്തിന് അതീതമായി നഗരസഭയുമായി സഹകരിച്ച മുഴുവൻ ജനങ്ങളെയും മന്ത്രി അഭിനന്ദിച്ചു. മുൻസിപ്പൽ ടൗൺ ഹാളിൽ നടന്ന ചടങ്ങിൽ ചെയർമാൻ എ.ഡി. സുജിൽ അധ്യക്ഷനായി. ഹരിത വീഥി പരിപാലനത്തിന് ഓട്ടോറിക്ഷ തൊഴിലാളികളെയും വാർഡ് മെമ്പർമാരെയും കൂടാതെ മികച്ച ഹരിത അയൽക്കൂട്ടം, ഹരിത അംഗൻവാടി എന്നിവരെ മന്ത്രി ആദരിക്കുകയും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും ചെയ്തു.




# സമ്പൂർണ്ണ മാലിന്യ മുക്ത ജില്ലയായി പാലക്കാട്

മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായുള്ള മാലിന്യമുക്തം പാലക്കാട് ജില്ല പ്രഖ്യാപനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് നിർവ്വഹിച്ചു. ഒത്തു ചേർന്നാൽ അസാധ്യമായിട്ടൊന്നുമില്ല എന്ന ആശയം അന്വർത്ഥമാക്കുന്ന പ്രവർത്തനങ്ങളാണ് മാലിന്യമുക്ത നവകേരളം എന്ന ക്യാമ്പയിനിലൂടെ സംസ്ഥാനത്താകമാനം നടന്നതെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. ഹരിത കർമ്മസേനാംഗങ്ങളുടെ മാലിന്യ ശേഖരണത്തിലും യൂസർഫീ കളക്ഷനിലും വലിയ മാറ്റം സൃഷ്ടിക്കാൻ നമുക്ക് കഴിഞ്ഞു. മാലിന്യ സംസ്കരണ രംഗത്ത് നമ്മൾ നേടിയ നേട്ടങ്ങളെ നിലനിർത്തിയും ചെറിയ വിടവുകളെ പരിഹരിച്ചും മുന്നോട്ട് പോകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി അധ്യക്ഷനായി. ജില്ലാ കലക്ടർ ജി. പ്രിയങ്ക മുഖ്യ പ്രഭാഷണം നടത്തി. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ എം.കെ. ഉഷ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലയെ മാലിന്യമുക്തമാക്കുന്നതിന് മികച്ച പ്രകടനം കാഴ്ചവെച്ച ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളെയും നഗരസഭയെയും വിദ്യാലയങ്ങളെയും കലാലയങ്ങളെയും സ്ഥാപനങ്ങളെയും ചടങ്ങിൽ ആദരിച്ചു. ചടങ്ങിൽ പാലക്കാട് നഗരസഭാ ചെയർപേഴ്സൺ പ്രമീള ശശിധരൻ, ഷൊർണ്ണൂർ നഗരസഭാ ചെയർമാൻ എം.കെ. ജയപ്രകാശ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സി.കെ. ചാമുണ്ണി, പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. സേതുമാധവൻ, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ പി. സെയ്തലവി വിവിധ വകുപ്പ് തല ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, ഹരിത കർമ്മസേനാംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ സ്വാഗതവും തദ്ദേശ സ്വയംഭരണ വകുപ്പ് സെപ്യൂട്ടി ഡയറക്ടർ കെ. ഗോപിനാഥൻ നന്ദിയും പറഞ്ഞു.





# മാലിന്യനിർമാർജ്ജനത്തിൽ കൊല്ലം മികച്ച മാതൃക : മന്ത്രി ജെ. ചിഞ്ചുറാണി




കൊല്ലം ജില്ലയെ സമ്പൂർണ്ണ മാലിന്യമുക്ത ജില്ലയായി മന്ത്രി ജെ. ചിഞ്ചുറാണി പ്രഖ്യാപിച്ചു. സമ്പൂർണ ബയോ മൈനിങ് പദ്ധതിയിലൂടെ കുരീപ്പുഴ ചണ്ടി ഡിപ്പോയിലെ മാലിന്യങ്ങൾ നീക്കി മാലിന്യനിർമാർജനത്തിൽ മികച്ച മാതൃകയാണ് ജില്ല സൃഷ്ടിച്ചതെന്ന് മന്ത്രി പറഞ്ഞു. കാലങ്ങളായി നിലനിന്നിരുന്ന വലിച്ചെറിയൽ സംസ്കാരത്തിനാണ് ഹരിത കർമസേന പ്രവർത്തനങ്ങളിലൂടെ മാറ്റം വന്നത്. മാലിന്യമുക്ത നവകേരളം ക്യാമ്പയിനിലൂടെയും ജനകീയ ഇടപെടലുകൾ വഴിയുമാണ് ലക്ഷ്യം സാക്ഷാത്കരിച്ചതെന്നും മന്ത്രി വ്യക്തമാക്കി.

എം. നൗഷാദ് എം.എൽ.എ. അധ്യക്ഷനായി. എൻ.കെ. പ്രേമചന്ദ്രൻ എം.പി., എം. മുകേഷ് എം.എൽ.എ., മേയർ ഹണി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോ. പി.കെ. ഗോപൻ, ജില്ലാ കലക്ടർ എൻ. ദേവിദാസ്, ഡെപ്യൂട്ടി മേയർ എസ്. ജയൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീജ ഹരീഷ്, എൽ.എസ്.ജി.ഡി. ജോയിന്റ് ഡയറക്ടർ എസ്. സുബോധ്, നവകേരളം കർമ പദ്ധതി ജില്ലാ കോർഡിനേറ്റർ എസ്. ഐസക്, തദ്ദേശസ്ഥാപന അധ്യക്ഷൻ, ഹരിത കർമസേനാംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

അഞ്ച് ഘട്ടങ്ങളിലായി നടത്തിയ ക്യാമ്പയിൻ പ്രവർത്തനത്തിന്റെ ഫലമായി ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളേയും കലാലയങ്ങളേയും, സ്ഥാപനങ്ങളേയും ഹരിത പദവിയിലെത്തിക്കാൻ സാധിച്ചു. ജില്ലയിലെ 20 വിനോദ സഞ്ചാര / തീർത്ഥാടന കേന്ദ്രങ്ങളും എല്ലാ അയൽക്കൂട്ടങ്ങളും ഹരിത വിനോദ സഞ്ചാര കേന്ദ്രം, ഹരിത അയൽക്കൂട്ടം പദവി കൈവരിച്ചു. തദ്ദേശ സ്ഥാപനങ്ങളിലെ പ്രധാന കവലകളും പൊതു സ്ഥലങ്ങളും വലിച്ചെറിയൽ മുക്തമാക്കി ശുചിത്വം ഉറപ്പാക്കി ബിന്നുകൾ സ്ഥാപിച്ച് സൗന്ദര്യവൽക്കരിക്കാനും ക്യാമ്പയിനിലൂടെ സാധിച്ചു. വിവിധ രാഷ്ട്രീയ -യുവജന സംഘടനകൾ, വിദ്യാർഥികൾ, സന്നദ്ധ പ്രവർത്തകർ, മത-സാമുദായിക സംഘടനകൾ, ക്ലബുകൾ, ഗ്രന്ഥശാലകൾ തുടങ്ങി എല്ലാ ജനവിഭാഗങ്ങളെയും ഉൾപ്പെടുത്തി വിപുലമായ രീതിയിൽ ഹരിതകേരളം മിഷന്റെ ഏകോപനത്തിലാണ് മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ നടപ്പാക്കിയത്.

# കോട്ടയം ജില്ലയെ മാലിന്യമുക്തമാക്കി പ്രഖ്യാപിച്ചു

എല്ലാവരും ഒത്തൊരുമിച്ചു പ്രവർത്തിച്ചതിന്റെ ഫലമാണ് മാലിന്യ നിർമാർജ്ജന രംഗത്ത് കോട്ടയം ജില്ലയുടെ നേട്ടമെന്ന് മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. കോട്ടയം ജില്ലാതല മാലിന്യമുക്ത പ്രഖ്യാപനം നടത്തി പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. മുൻപൊരിക്കലും നടന്നിട്ടില്ലാത്തവിധത്തിൽ നമ്മുടെ സംസ്ഥാനത്തെ വിവിധ സംഘടനകളും റെസിഡന്റ്സ് അസോസിയേഷനുകളും ഉദ്യോഗസ്ഥരും എല്ലാം ചേർന്ന് തുടങ്ങിവെച്ച പ്രവർത്തനം ബഹുദൂരം പിന്നിട്ട് അവസാന ഘട്ടത്തിലേക്കു കടക്കുകയാണ്. ഹരിത കർമസേന നടത്തിയ സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് ഈ മുന്നേറ്റത്തിന് കരുത്തും ആവേശവും പകർന്നത്. അവർക്കാണ് ഈ വിഷയത്തിൽ ബിഗ് സല്യൂട്ട് നൽകുന്നത്.



മാലിന്യ പ്രശ്നങ്ങളെ പൂർണമായും നിയമം മൂലം നേരിടാനാവില്ല. മനുഷ്യമനസ്സുകളിൽ മാലിന്യമുക്തമായ കേരളമുണ്ടാകണമെന്ന സംസ്കാരം പരുവപ്പെടുത്തുകയാണ് നമ്മുടെ ഉത്തരവാദിത്വം. കുട്ടികളായിരിക്കുമ്പോഴേ ശുചിത്വബോധം വളർത്തിയെടുക്കണം. മാലിന്യമുക്ത കേരളമെന്ന ലക്ഷ്യത്തിലേക്കെത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത ഉത്തരവാദിത്വം വളരെ വലുതാണെന്നും അദ്ദേഹം പറഞ്ഞു. സർക്കാർ ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് അധ്യക്ഷത വഹിച്ചു. ഫ്രാൻസിസ് ജോർജ്ജ് എം.പി. സ്റ്റാറ്റസ് റിപ്പോർട്ട് അവതരിപ്പിച്ചു. ജോബ് മൈക്കിൾ എം.എൽ.എ. റിപ്പോർട്ട് ഏറ്റുവാങ്ങി. കോട്ടയം നഗരസഭാ അധ്യക്ഷ ബിൻസി സെബാസ്റ്റ്യൻ ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. മോൻസ് ജോസഫ് എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഹേമലത പ്രേംസാഗർ, ജില്ലാ കളക്ടർ ജോൺ വി.സാമുവൽ എന്നിവർ പങ്കെടുത്തു. തദ്ദേശ സ്വയംഭരണ വകുപ്പ്, ജില്ലാ ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ നേതൃത്വത്തിലാണ് മാലിന്യമുക്ത നവകേരളം പദ്ധതി നടപ്പിലാക്കിയത്. മാലിന്യ നിർമാർജ്ജനത്തിൽ മികച്ച പ്രവർത്തനം നടത്തിയ ഗ്രാമപഞ്ചായത്തിനുള്ള ട്രോഫി മരങ്ങാട്ടുപിള്ളി, അകലക്കുന്നം, കുറിച്ചി ഗ്രാമപഞ്ചായത്തുകൾ പങ്കിട്ടു. ഉഴവൂരാണ് മികച്ച ബ്ലോക്കു പഞ്ചായത്ത്. നഗരസഭ ചങ്ങനാശ്ശേരിയും. മികച്ച സി.ഡി.എസിനുള്ള പുരസ്കാരം ഗ്രാമപഞ്ചായത്തുതലത്തിൽ ചെമ്പും നഗരസഭാ തലത്തിൽ വൈക്കവും നേടി. മികച്ച ഹരിത കർമസേനയ്ക്കുള്ള പുരസ്കാരം ഗ്രാമപഞ്ചായത്തുതലത്തിൽ കുറിച്ചിയും നഗരസഭാ തലത്തിൽ ചങ്ങനാശ്ശേരിയും നേടി. പുരസ്കാരങ്ങൾ മന്ത്രി വി.എൻ. വാസവനും സർക്കാർ ചീഫ് വിപ്പ് ഡോ. എൻ. ജയരാജും വിതരണം ചെയ്തു.

# പത്തനംതിട്ട ജില്ലാതല ശുചിത്വ പ്രഖ്യാപനം
## മന്ത്രി വീണാ ജോർജ് നിർവഹിച്ചു



മാലിന്യ സംസ്കരണം സമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്ന് മന്ത്രി വീണാ ജോർജ്. മാലിന്യ സംസ്കരണത്തിൽ മികവാർന്ന പ്രവർത്തനമാണ് ജില്ലയിലേത്. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി പത്തനംതിട്ടയെ ശുചിത്വജില്ലയായി മന്ത്രി പ്രഖ്യാപിച്ചു . തദ്ദേശ സ്ഥാപനങ്ങളിൽ ജില്ലാ ഭരണകൂടത്തിന്റെ ഡോർ ടു ഡോർ മാലിന്യ സംസ്കരണ അവയർനെസ് ക്യാമ്പയിൻ വിജയകരമാണ്. കുന്നന്താനം കിൻഫ്രാ പാർക്കിലെ അജൈവ സംസ്കരണ ഫാക്ടറി ജില്ലയ്ക്ക് അഭിമാനം പകരുന്നു. മാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽ തദ്ദേശസ്ഥാപനങ്ങളുടെ ഇടപെടൽ പ്രശംസനീയം. അലക്ഷ്യമായി മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നടപടി സ്വീകരിക്കും.

ജില്ലയിലെ 53 ഗ്രാമപഞ്ചായത്തുകൾ, നാല് മുൻസിപ്പാലിറ്റികൾ എന്നിവ 100 ശതമാനം മാലിന്യമുക്തമായി. ജില്ലാ ഭരണകൂടത്തിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും പരിശ്രമത്തോടെ വാതിൽപ്പടി ശേഖരണം പൂർണ ലക്ഷ്യത്തിലെത്തി. മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഇലന്തൂർ (ജില്ലയിലെ മികച്ച ബ്ലോക്ക് പഞ്ചായത്ത്) പത്തനംതിട്ട (നഗരസഭ), റാന്നി (ഗ്രാമപഞ്ചായത്ത്) എന്നിവയ്ക്കുള്ള പുരസ്കാരം വിതരണം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോർജ് എബ്രഹാം അധ്യക്ഷനായി. ജില്ലാ കലക്ടർ എസ്. പ്രേം കൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. എൽഎസ്ജിഡി ജോയിന്റ് ഡയറക്ടർ എ.എസ്. നൈസാം പഠന റിപ്പോർട്ട് അവതരിപ്പിച്ചു. ബ്ലോക്ക് പ്രസിഡന്റുമാരായ ജെ. ഇന്ദിരാദേവി, എം.പി. മണിയമ്മ, ബി.എസ്. അനീഷ് മോൻ, ജെസി സൂസൻ, അടൂർ നഗരസഭാ ചെയർപേഴ്സൺ ദിവ്യാ റെജി മുഹമ്മദ്, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ. അനിതാകുമാരി, ഹരിതകേരളം മിഷൻ, കുടുംബശ്രീ ജില്ലാ മിഷൻ ജില്ലാ കോർഡിനേറ്റർമാരായ ജി. അനിൽ കുമാർ, എസ്. ആദില എന്നിവർ പങ്കെടുത്തു.

# മാലിന്യമുക്ത നവകേരളം ഇടുക്കി ജില്ലാതല പ്രഖ്യാപനം
## മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിച്ചു

മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഇടുക്കി ജില്ലയെ ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ മാലിന്യമുക്തമായി പ്രഖ്യാപിച്ചു. മാലിന്യമുക്ത നവകേരളം എന്നത് ഈ സർക്കാരിന്റെ നയമാണ്. അത് നമ്മൾ ഏറ്റെടുക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. നാടും നഗരവും ഒരുപോലെ ഈ വിഷയത്തിൽ ശ്രദ്ധിക്കുമ്പോൾ മാത്രമേ കേരളം ലക്ഷ്യം നേടുകയുള്ളു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, കോളേജുകൾ, സ്കൂളുകൾ, ഓഫീസുകൾ തുടങ്ങി വിവിധ സ്ഥാപനങ്ങളുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായാണ് ജില്ലയെ മാലിന്യമുക്തമാക്കാൻ സാധിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പരിപാടിയിൽ ജില്ലാ കളക്ടർ വി.വിഗ്നേശ്വരി



മുഖ്യ പ്രഭാഷണം നടത്തി. നമ്മുടെ ഒറ്റക്കെട്ടായ പ്രവർത്തനങ്ങളുടെ ഫലമായാണ് ജില്ലയെ മാലിന്യമുക്ത ഹരിത ഇടുക്കിയാക്കി മാറ്റാൻ കഴിഞ്ഞതെന്നും കളക്ടർ പറഞ്ഞു. 40 ഓളം ഹരിത അവാർഡുകൾ ചടങ്ങിൽ വിതരണം ചെയ്തു. മികച്ച ഹരിത ഗ്രാമപഞ്ചായത്തായി ഇരട്ടയാർ ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുത്തു. മികച്ച പ്രത്യേക ഹരിത ഗ്രാമപഞ്ചായത്ത് പുരസ്കാരം രാജകുമാരി, ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തുകൾ നേടി. മികച്ച ഹരിത നഗരസഭ കട്ടപ്പന, മികച്ച ഹരിത ബ്ലോക്ക് പഞ്ചായത്തായി കട്ടപ്പനയും പ്രത്യേക ഹരിത ബ്ലോക്ക് പഞ്ചായത്ത് പുരസ്കാരം നെടുംങ്കണ്ടം ബ്ലോക്കും നേടി. ചെറുതോണി ടൗൺ ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് രാരിച്ചൻ നീർണാംകുന്നേൽ അധ്യക്ഷത വഹിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ടീസ ജോസ് റിപ്പോർട്ട് അവതരിപ്പിച്ചു. ത്രിതല പഞ്ചായത്ത് അംഗങ്ങളായ ബീന ടോമി, ആൻസി തോമസ്, ഉഷാകുമാരി മോഹൻ കുമാർ, കെ.ജി. സത്യൻ, എം. ലതീഷ്, ഡിറ്റാജ് ജോസഫ്, നിമ്മി ജയൻ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി.കെ. സജീവ്, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഡോ. അജയ് പി. കൃഷ്ണ തുടങ്ങിയവർ സംസാരിച്ചു.

# എറണാകുളം ജില്ലാ കോടതിയിൽ ശുചീകരണ യജ്ഞം

മാലിന്യമുക്ത നവകേരളത്തിന്റെ ഭാഗമായി എറണാകുളം ജില്ലാ കോടതിയിൽ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. കോടതിയിലെയും പരിസരത്തെയും മാലിന്യങ്ങൾ കൊച്ചി നഗരസഭയുടെയും ഹരിതകേരളം മിഷന്റെയും, കോടതി ജീവനക്കാരുടെയും സഹകരണത്തോടെ നീക്കം ചെയ്തു. ശുചീകരണ യജ്ഞം ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജ് ഹണി എം.വർഗീസ് ഉദ്ഘാടനം ചെയ്തു. കൊച്ചി കോർപ്പറേഷൻ ഡിവിഷൻ കൗൺസിലർ പത്മജ എസ്. മേനോൻ അധ്യക്ഷത വഹിച്ചു. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് സന്ദീപ് കൃഷ്ണ, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ്., ജുഡീഷ്യൽ ഓഫീസർമാർ, ജീവനക്കാർ, തുടങ്ങിയവർ പങ്കെടുത്തു.

## ശുചിത്വപരിപാലനം സംസ്കാരത്തിന്റെ പ്രതിഫലനം : മന്ത്രി എ.കെ. ശശീന്ദ്രൻ

കോഴിക്കോട് ജില്ലാതല മാലിന്യമുക്ത പ്രഖ്യാപനം മന്ത്രി എ.കെ. ശശീന്ദ്രൻ നിർവഹിച്ചു. ദൈവത്തിന്റെ സ്വന്തം നാട് ശുചിത്വ പൂർണമാക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിനു വേണ്ട വലിയ അദ്ധ്വാനമാണ് മാലിന്യമുക്ത നവകേരളം പദ്ധതി വഴി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിറവേറ്റിയതെന്നും അത് നിലനിർത്താൻ വേണ്ട നടപടികൾ കൂടി കൈക്കൊള്ളണമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. ജില്ലയിലെ എഴുപത് ഗ്രാമപഞ്ചായത്തുകളും ഏഴ് മുനിസിപ്പാലിറ്റികളും കോഴിക്കോട് കോർപ്പറേഷനും മാർച്ച് മുപ്പതിനും പന്ത്രണ്ട് ബ്ലോക്ക് പഞ്ചായത്തുകൾ ഏപ്രിൽ മൂന്നാം തീയതിയും മാലിന്യമുക്തമായി പ്രഖ്യാപിച്ചിരുന്നു. അഹമ്മദ് ദേവർകോവിൽ എംഎൽഎ അധ്യക്ഷത വഹിച്ചു. കോർപ്പറേഷൻ മേയർ ഡോ. ബീന ഫിലിപ്പ് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ നിർവഹണ സമിതി കൺവീനർ കൂടിയായ ജില്ലാ കലക്ടർ സ്നേഹിൽ കുമാർ



സിങ് റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി സ്വാഗതവും തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ലിഷ മോഹൻ നന്ദിയും പറഞ്ഞു.

## മാലിന്യമുക്തം നവകേരളം; മാറ്റം സൃഷ്ടിച്ച ക്യാമ്പയിൻ : മന്ത്രി ജി.ആർ. അനിൽ

മലയാളികളുടെ മനസ്സിൽ വലിയ മാറ്റത്തിന് വിത്ത് വിതച്ച ക്യാമ്പയിനാണ് മാലിന്യമുക്തം നവകേരളമെന്നും ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾ രാജ്യത്തിന് തന്നെ മാതൃകയാണെന്നും മന്ത്രി ജി.ആർ. അനിൽ. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലാതല മാലിന്യമുക്ത പ്രഖ്യാപനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാഹസികവും കൂട്ടായ പ്രവർത്തനങ്ങളുമാണ് തിരുവനന്തപുരം ജില്ലയെ മാലിന്യമുക്ത പ്രഖ്യാപനത്തിലേക്ക് എത്തിച്ചത്.

മാലിന്യമുക്ത അന്തരീക്ഷം നിലനിർത്താൻ തുടർപ്രവൃത്തികൾ ഉണ്ടാകണം. വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ ഇക്കാര്യത്തിൽ തുടർന്നും ഉണ്ടാകണമെന്നും മന്ത്രി ആവശ്യപ്പെട്ടു.



മാലിന്യപരിപാലന രംഗത്ത് ജില്ലയിൽ മികവ് തെളിയിച്ചവർക്കുള്ള പുരസ്കാര വിതരണവും മന്ത്രി നിർവഹിച്ചു. മികച്ച ഗ്രാമപഞ്ചായത്തായി ഒറ്റൂരിനെയും മികച്ച രണ്ടാമത്തെ ഗ്രാമപഞ്ചായത്തായി മണമ്പൂരിനെയും തെരഞ്ഞെടുത്തു. ആറ്റിങ്ങലാണ് മികച്ച മുനിസിപ്പാലിറ്റി. മികച്ച രണ്ടാമത്തെ മുനിസിപ്പാലിറ്റിയായി വർക്കലയെ തെരഞ്ഞെടുത്തു. വർക്കലയാണ് മികച്ച ബ്ലോക്ക് പഞ്ചായത്ത്. കിളിമാനൂരാണ് രണ്ടാം സ്ഥാനത്ത്. മംഗലപുരം ഗ്രാമപഞ്ചായത്തിലെ സ്നേഹതീരം ബഡ്സ് സ്കൂളിനെ മികച്ച സ്ഥാപനമായും തെരഞ്ഞെടുത്തു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി.സുരേഷ്കുമാർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ അനു കുമാരി ജില്ലാതല സ്റ്റാറ്റസ് അവതരണം നടത്തി. എഡിഎം ബീന പി ആനന്ദ്, വർക്കല നഗരസഭ ചെയർമാൻ ലാൽജി, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

### എറണാകുളം സിവിൽ സ്റ്റേഷനെ മന്ത്രി പി. രാജീവ് ഹരിത സ്ഥാപനമായി പ്രഖ്യാപിച്ചു

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി എറണാകുളം സിവിൽ സ്റ്റേഷനെ ഹരിത സ്ഥാപനമായി പ്രഖ്യാപിച്ച് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്. കളക്ടേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് അധ്യക്ഷത വഹിച്ചു. ആദ്യഘട്ടത്തിൽ കളക്ടറേറ്റിലുള്ള 76 ഓഫീസുകളുടെയും ഗ്രേഡിംഗ് പൂർത്തിയാക്കിയാണ് കളക്ടേറ്റ് ഹരിത പദവി എന്ന നേട്ടം കൈവരിച്ചത്. ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചീകരണ തൊഴിലാളികൾ എന്നിവരുടെ സഹായത്തോടെ അജൈവ മാലിന്യങ്ങൾ നീക്കുകയും അഞ്ച് സാനിറ്ററി നാപ്കിൻ ഇൻസുലേറ്റേഴ്സ് സ്ഥാപിക്കുകയും ചെയ്തു. എൻഎസ്എസ് വോളണ്ടിയേഴ്സ്, തൃക്കാക്കര നഗരസഭ എന്നിവരുടെ സഹകരണത്തോടെ മെഗാ ക്ലീനിങ് ഡ്രൈവും



സംഘടിപ്പിച്ചു. എം.എൽ.എ.മാരായ ആന്റണി ജോൺ, കെ. എൻ. ഉണ്ണികൃഷ്ണൻ, പോലീസ് ഡെപ്യൂട്ടി കമ്മീഷണർ ജുവനപുടി മഹേഷ്, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് വിനോദ് രാജ്, ഹരിത കേരളം ജില്ലാ കോർഡിനേറ്റർ എസ്. രഞ്ജിനി, വിവിധ വകുപ്പു ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.


ഹരിതകേരളം മിഷൻ
പരിസ്ഥിതി സംഗമം
2025 മാർച്ച് 24 25
ടാഗോർ തിയേറ്റർ, തിരുവനന്തപുരം

# പരിസ്ഥിതി സംഗമം ചിത്രങ്ങളിലൂടെ





# കണ്ണൂരിനെ സമ്പൂർണ്ണ മാലിന്യ മുക്ത ജില്ലയായി പ്രഖ്യാപിച്ചു



മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി കണ്ണൂർ ജില്ലയെ മാലിന്യമുക്തമായി പ്രഖ്യാപിച്ചു. മാലിന്യമുക്ത സമൂഹം സൃഷ്ടിക്കുന്നതിൽ വിപ്ലവകരമായ ജനകീയ മുന്നേറ്റത്തിനാണ് കേരളം സാക്ഷ്യം വഹിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. ആധുനിക നവകേരള സൃഷ്ടിക്ക് ശുചിത്വബോധമുള്ള സമൂഹം അനിവാര്യമാണെന്നും ഈ മേഖലയിൽ കൂടുതൽ മുന്നേറ്റം സാധ്യമാക്കണമെന്നും മന്ത്രി പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.കെ. രത്നകുമാരി അധ്യക്ഷയായി.

ജില്ലയിൽ വ്യത്യസ്തങ്ങളായ തനത് പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണ രംഗത്ത് നടപ്പിലാക്കി. നിരന്തര ബോധവൽക്കരണ പ്രവർത്തനങ്ങൾ, പൊതുജന പങ്കാളിത്തത്തോടെയുള്ള ശുചീകരണ യജ്ഞങ്ങൾ, മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനുമായുള്ള കുറ്റമറ്റ സംവിധാനങ്ങൾ ഒരുക്കൽ, എൻഫോഴ്സ്മെന്റ് സ്ക്വാഡ് പ്രവർത്തനങ്ങൾ, ഹരിത നിയമപാഠശാലകൾ തുടങ്ങിയ ക്യാമ്പയിനുകൾ നടത്തി.

മാലിന്യ സംസ്കരണ രംഗത്ത് മികവുറ്റ പ്രവർത്തനം കാഴ്ച വെച്ചതിന് കണ്ണൂർ ജില്ല പഞ്ചായത്തിനുള്ള പുരസ്കാരം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ കെ രത്നകുമാരിക്ക് നൽകി. മാലിന്യമുക്തം നവകേരളം പ്രവർത്തനങ്ങളിൽ വ്യത്യസ്തങ്ങളായ മാതൃകകൾ സൃഷ്ടിച്ച കതിരൂർ, പെരളശ്ശേരി, പായം, ചപ്പാരപ്പടവ്, കണ്ണപുരം, പയ്യന്നൂർ, കുഞ്ഞിമംഗലം, കുറ്റ്യാട്ടൂർ, മുണ്ടേരി എന്നീ ഗ്രാമപഞ്ചായത്തുകളുടെയും സെൻട്രൽ ജയിലിന്റെയും വീഡിയോ പ്രദർശിപ്പിച്ചു. മാലിന്യമുക്തം നവകേരളം ജില്ലാതല പുരസ്കാരങ്ങൾ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.കെ. രത്നകുമാരി വിതരണം ചെയ്തു.

കെ.വി. സുമേഷ് എം.എൽ.എ. മുഖ്യാതിഥിയായി. കലക്ടർ അരുൺ കെ. വിജയൻ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പ്ലാനിങ് ഓഫീസർ നിനോജ് മേപ്പാടിയത് പ്രതിജ്ഞ അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ, ഹരിതകേരളം മിഷൻ ജില്ലാ കോഡിനേറ്റർ ഇ.കെ. സോമശേഖരൻ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ സംസാരിച്ചു.

## എൻഎസ്എസ് പോളിടെക്നിക് കോളേജ് ഇനി ഹരിത കലാലയം

പത്തനംതിട്ടയിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി പന്തളം എൻഎസ്എസ് പോളിടെക്നിക് കോളേജിനെ ഹരിത കലാലയമായി പ്രഖ്യാപിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. രാജേന്ദ്രപ്രസാദ് ഹരിതകലാലയ പ്രഖ്യാപനം നിർവഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. പ്രീത മുഖ്യപ്രഭാഷണം നടത്തി. നവകേരളം കർമപദ്ധതി ജില്ലാ കോഡിനേറ്റർ ജി. അനിൽകുമാർ പദ്ധതി വിശദീകരണം നൽകി.

# മാലിന്യമുക്തമായി തലയെടുപ്പോടെ പൂരനഗരി

സമ്പൂർണ്ണ മാലിന്യമുക്തം തൃശൂർ ജില്ലാതല പ്രഖ്യാപനം ടൗൺഹാളിൽ മന്ത്രി കെ. രാജൻ നിർവഹിച്ചു. മാലിന്യമുക്തം നവകേരളം എന്നത് താൽക്കാലികമായ നേട്ടമല്ല മറിച്ച് സുസ്ഥിരതയുള്ള മാലിന്യ മുക്തം നവകേരളം എന്ന ലക്ഷ്യത്തിലേക്കാണ് നാം എത്തിച്ചേരേണ്ടതെന്നും അതിന് കൂട്ടായ പരിശ്രമം ആവശ്യമാണെന്നും മന്ത്രി പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് അധ്യക്ഷത വഹിച്ചു. ജില്ലാ കലക്ടർ അർജുൻ പാണ്ഡ്യൻ ഐഎഎസ് മുഖ്യപ്രഭാഷണം നടത്തി. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ സാജു സെബാസ്റ്റ്യൻ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ സ്റ്റാറ്റസ് റിപ്പോർട്ട് അവതരിപ്പിച്ചു. എം.എൽ.എ.മാരായ ഇ.ടി. ടൈസൺ



മാസ്റ്റർ, യു.ആർ. പ്രദീപ്, ഗുരുവായൂർ നഗരസഭ ചെയർമാൻ എം. കൃഷ്ണദാസ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് എസ്. ബസന്ത് ലാൽ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ജില്ലയിൽ മാലിന്യ സംസ്കരണ മേഖലയിൽ മികച്ച മാതൃകകൾ കാഴ്ചവച്ചവർക്ക് വിവിധ വിഭാഗങ്ങളിലായി പുരസ്കാരം നൽകി ആദരിച്ചു. 100% വാതിൽ പടി ശേഖരണം എന്ന നേട്ടം കൈവരിച്ച കുന്നംകുളം നഗരസഭയ്ക്കും നെന്മണിക്കര ഗ്രാമപഞ്ചായത്തിനും പുരസ്കാരങ്ങൾ നൽകി. ഏറ്റവും കൂടുതൽ ഗാർഹിക ജൈവമാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിച്ച തദ്ദേശസ്ഥാപനമായി പാവറട്ടി ഗ്രാമപഞ്ചായത്തും ഏറ്റവും കൂടുതൽ മികച്ച ഹരിത വിദ്യാലങ്ങളുള്ള പഞ്ചായത്തായി മുരിയാടും, നഗരസഭയായി ഗുരുവായൂരും, ഏറ്റവും കൂടുതൽ മികച്ച കലാലയങ്ങളുള്ള പഞ്ചായത്തായി മാടക്കത്തറയും നഗരസഭയായി ഇരിഞ്ഞാലക്കുട നഗരസഭയും അർഹത നേടി. ഏറ്റവും കൂടുതൽ മികച്ച ഹരിത ടൗണുകളുള്ള പഞ്ചായത്തായി ശ്രീനാരായണപുരവും നഗരസഭയായി വടക്കാഞ്ചേരി തെരഞ്ഞെടുക്കപ്പെട്ടു. ഏറ്റവും കൂടുതൽ മികച്ച ഹരിത സ്ഥാപനങ്ങളുള്ള പഞ്ചായത്തായി എറിയാടും നഗരസഭയായി കൊടുങ്ങല്ലൂരും അർഹത നേടി. ഏറ്റവും കൂടുതൽ മികച്ച ഹരിത അയൽക്കൂട്ടങ്ങളുള്ള പഞ്ചായത്തായി പുത്തൂരും നഗരസഭയായി ഇരിഞ്ഞാലക്കുട നഗരസഭയും അർഹരായി. ഏറ്റവും കൂടുതൽ പൊതുസ്ഥലങ്ങൾ ഹരിതാഭമാക്കിയ പഞ്ചായത്തായി പുത്തൂരിനെയും നഗരസഭയായി ഇരിഞ്ഞാലക്കുടയേയും തെരഞ്ഞെടുത്തു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ചതിന് ഇരിഞ്ഞാലക്കുട നഗരസഭയും പുത്തൂർ ഗ്രാമപഞ്ചായത്തും അർഹത നേടി. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ദിദിക.സി ചടങ്ങിൽ സ്വാഗതവും ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ കെ.കെ. മനോജ് നന്ദിയും പറഞ്ഞു.

## ആലപ്പുഴയെ സമ്പൂർണ്ണ മാലിന്യമുക്ത ജില്ലയായി പ്രഖ്യാപിച്ചു

ഹരിതകർമ്മസേന നാടിന്റെ ആരോഗ്യസേനയാണെന്ന് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ്. ആലപ്പുഴയെ സമ്പൂർണ്ണ മാലിന്യമുക്ത ജില്ലയായി പ്രഖ്യാപിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

ദൈവത്തിന്റെ സ്വന്തം നാടാക്കി ഇന്ന് കേരളത്തെ നിലനിർത്തുന്നത് ഹരിത കർമ സേനയാണ്. ഇവരുടെ പ്രവർത്തനങ്ങൾ ആദരിക്കപ്പെടണം. അതിനായി ചേർത്തല മണ്ഡലത്തിൽ മികച്ച ഹരിത കർമ സേന യൂണിറ്റിനും ഹരിത കർമസേന അംഗത്തിനും എംഎൽഎയുടെ പേരിൽ അവാർഡ് നൽകുന്നതിനുള്ള പരിപാടി സംഘടിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. ജില്ലയെ സമ്പൂർണ്ണ മാലിന്യമുക്തമായി പ്രഖ്യാപിച്ചെങ്കിലും ഈ അവസ്ഥ തുടർന്നുകൊണ്ട് പോകണമെങ്കിൽ ഉറച്ച ദൃഢനിശ്ചയവും ജനങ്ങളുടെ സമ്പൂർണ്ണ സഹകരണവും ആവശ്യമാണ്. ശുചിത്വത്തിന്റെ പാഠം ആദ്യം മലയാളി പഠിക്കണം. നാടുതോറും മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ പബ്ലിക് ഹെൽത്ത് ആക്ട്, ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ ആക്ട് എന്നിവയിൽ ഉൾപ്പെടുത്തി ജാമ്യമില്ല വകുപ്പ് പ്രകാരം കേസെടുക്കണമെന്നും കുറ്റക്കാർക്ക്



വേണ്ടി ശുപാർശയുമായി എത്തുന്ന ജനപ്രതിനിധികൾക്കെതിരെയും നടപടി സ്വീകരിക്കണമെന്നും മന്ത്രി പറഞ്ഞു.ചേർത്തല തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിലെ കണ്ണങ്കര സെന്റ്.സേവ്യഴ്സ് പള്ളി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേശ്വരി അധ്യക്ഷത വഹിച്ചു. തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി ശശികല ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ചേർത്തല മുൻസിപ്പൽ ചെയർപേഴ്സൺ ഷേർലി ഭാർഗവൻ, ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എം.വി പ്രിയ ടീച്ചർ, തദ്ദേശസ്വയംഭരണ വകുപ്പ് ജോയിൻ ഡയറക്ടർ എസ് ശ്രീകുമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗം യു.എസ് സജീവ്, തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് അംഗം പി ജെ തോമസ്, കെ.എസ്.ഡബ്ല്യു.എം.പി ജില്ലാ കോഡിനേറ്റർ സുചിത്ര എസ് പണിക്കർ, ജില്ലാ ശുചിത്വ മിഷൻ ഡെപ്യൂട്ടി ഡയറക്ടർ കെ.ജി ബാബു, നവ കേരള കർമ പദ്ധതി കോഡിനേറ്റർ കെ.എസ് രാജേഷ് തുടങ്ങിയവർ പങ്കെടുത്തു.

ചടങ്ങിൽ മികച്ച ഹരിത ടൌൺ, ഹരിത കലാലയം, ഹരിത വിദ്യാലയം, ഹരിതകലാലയം, മികച്ച ഗ്രാമപഞ്ചായത്ത്, നഗരസഭ തുടങ്ങി മാലിന്യമുക്ത പദ്ധതികളിൽ മികച്ച പ്രകടനം നടത്തിയ തദ്ദേശസ്ഥാപനങ്ങളെയും വിവിധ വകുപ്പുകളെയും ചടങ്ങിൽ ആദരിച്ചു.

## ഹരിതസുന്ദരം കാസർഗോഡ്

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളിലൂടെ കാസർഗോഡ് ജില്ലാ മാലിന്യമുക്ത പദവിയിലേക്ക്. കാസർഗോഡ് ടൗൺ ഹാളിൽ നടന്ന വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്ത ചടങ്ങിൽ രാജ്മോഹൻ ഉണ്ണിത്താൻ എം.പി. ജില്ലാതല പ്രഖ്യാപനം നിർവഹിച്ചു. സംസ്ഥാന സർക്കാരിന്റെ മാലിന്യനിർമ്മാജ്ജന പ്രവർത്തനത്തിന് എം.പി. ഐക്യദാർഢ്യം പ്രഖ്യാപിച്ചു. ജില്ലാ



പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ അധ്യക്ഷനായി. ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ വിശിഷ്ടാതിഥിയായി. എം.എൽ.എ. മാരായ എൻ.എ. നെല്ലിക്കുന്ന്, ഇ. ചന്ദ്രശേഖരൻ എന്നിവർ പങ്കെടുത്തു. കളക്ടർ കെ. ഇമ്പശേഖരൻ, എൽ.എസ്.ജി.ഡി. ജോയിന്റ് ഡയറക്ടർ ജി. സുധാകരൻ എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷാനവാസ് പാദൂർ, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ കെ. ബാലകൃഷ്ണൻ, ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ പി. ജയൻ, കാസർഗോഡ് നഗരസഭ ചെയർമാൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ തുടങ്ങിയവർ സംസാരിച്ചു.

ജില്ലയിൽ ശുചീകരണ പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ട്പോകുമ്പോൾ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്തായി മടിക്കൈയും നഗരസഭയായി കാഞ്ഞങ്ങാടിനെയും ബ്ലോക്ക് പഞ്ചായത്തായി നീലേശ്വരത്തെയും തിരഞ്ഞെടുത്തു. മാലിന്യസംസ്കരണ അടിസ്ഥാന സൗകര്യങ്ങളിൽ മികച്ച പിന്തുണ നൽകിയതിന് ജില്ലാ പഞ്ചായത്തിന് പ്രത്യേക പുരസ്കാരവും ലഭിച്ചു.

## സമ്പൂർണ മാലിന്യ മുക്ത ജില്ലയായി വയനാട്

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ വയനാട് ജില്ലാ തല പ്രഖ്യാപനം ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ. നിർവഹിച്ചു. ജില്ലയുടെ പ്രഖ്യാപനത്തിനോടൊപ്പം മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിലൂടെ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച നഗരസഭ, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മികച്ച ഹരിത ടൗൺ, ഹരിത ടൂറിസം കേന്ദ്രം, പൊതു ഇടങ്ങൾ, സി.ഡി.എസ്., എൻ.എസ്.എസ്. യൂണിറ്റ്, മികച്ച ഹരിത സ്ഥാപനം, മികച്ച കമ്മ്യൂണിറ്റി കമ്പോസ്റ്റ് സംവിധാനം, ക്യാമ്പയിൻ പ്രവർത്തങ്ങൾ നടത്തിയ മികച്ച തദ്ദേശ സ്ഥാപനം, മികച്ച ഹരിത ഗ്രന്ഥശാല, തുടങ്ങിയവക്കുള്ള പുരസ്കാരങ്ങൾ ചടങ്ങിൽ കൈമാറി. മികച്ച ഗ്രാമപഞ്ചായത്ത് ആയി അമ്പലവയൽ ഗ്രാമപഞ്ചായത്തിനെയും മികച്ച നഗരസഭയായി സുൽത്താൻ ബത്തേരിയെയും മികച്ച ബ്ലോക്ക് പഞ്ചായത്ത് ആയി സുൽത്താൻ ബത്തേരിയെയും



തിരഞ്ഞെടുത്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ ഡി.ആർ. മേഘശ്രീ IAS മുഖ്യ പ്രഭാഷണം നടത്തി. ജില്ലയുടെ നിലവിലെ സ്റ്റാറ്റസ് റിപ്പോർട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ വിമൽരാജ് അവതരിപ്പിച്ചു. ചടങ്ങിൽ സുൽത്താൻ ബത്തേരി മുനിസിപ്പൽ ചെയർമാൻ ടി.കെ. രമേഷ്, കല്പറ്റ മുനിസിപ്പൽ ചെയർമാൻ ടി.ജെ. ഐസക്, സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി. അസൈനാർ, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെസ്റ്റിൻ ബേബി തുടങ്ങിയവർ സംസാരിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ് ബാബു സ്വാഗതവും KSWMP കോർഡിനേറ്റർ നിർമൽ നന്ദിയും പറഞ്ഞു.

# പാഴ്‌വസ്തു സംഭരണ കേന്ദ്രങ്ങൾ മൂന്നിരട്ടിയായി: മന്ത്രി എം.ബി. രാജേഷ്

നിയമസഭാ സമുച്ചയ പരിസരത്ത് സ്ഥാപിച്ച പാഴ്‌വസ്തു സംഭരണ കേന്ദ്രത്തിന്റെ ഉദ്ഘാടനം മന്ത്രി എം.ബി. രാജേഷ് നിർവഹിച്ചു. മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി കേരളത്തിൽ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ പാഴ്‌വസ്തു സംഭരണ കേന്ദ്രങ്ങളുടെ എണ്ണത്തിൽ മൂന്നിരട്ടി വർദ്ധനവുണ്ടായി. സംസ്ഥാനത്തെ 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പത്തോളം സ്ഥാപനങ്ങളിൽ മാത്രമാണ് ഇത്തരം കേന്ദ്രങ്ങൾ പൂർണമായും നടപ്പിലാക്കാൻ കഴിയാത്തത്.

സർക്കാരിന്റെ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ക്ലീൻ കേരള കമ്പനിയാണ് പാഴ്‌വസ്തു സംഭരണ കേന്ദ്രം നിർമ്മിച്ചത്. നിയമസഭാ സമുച്ചയത്തിലെ വിവിധ ഓഫീസുകളിൽ നിന്നു ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ 550 ചതുരശ്ര അടി വിസ്തീർണമുള്ള എം.സി.എഫ്. കേന്ദ്രത്തിൽ സംഭരിക്കും.

സർക്കാർ സമുച്ചയങ്ങളിൽ പാഴ്‌വസ്തു സംഭരണ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് 4.5 കോടി രൂപയും സംസ്കരണ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് 49 കോടി രൂപയും റീബിൽഡ് കേരള പദ്ധതിയിൽ അനുവദിച്ചിരുന്നു. ആകെ 38 സംഭരണ കേന്ദ്രങ്ങൾക്ക് അനുമതി ലഭിച്ചതിൽ സ്ഥലം ലഭ്യമായ 32 സർക്കാർ സമുച്ചയങ്ങളിൽ പാഴ്‌വസ്തു സംഭരണ കേന്ദ്രങ്ങൾ നിർമ്മിച്ചു കഴിഞ്ഞു. നിലവിൽ സ്ഥലം ലഭ്യമായ ഏഴ് ജില്ലകളിൽ, പത്തനംതിട്ട, കാസർഗോഡ്, തൃശ്ശൂർ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് പാഴ്‌വസ്തു സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

ചടങ്ങിൽ നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ, ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ ജി.കെ. സുരേഷ് കുമാർ എന്നിവർ സന്നിഹിതരായി.

# അഭിമാനകരമായ കേന്ദ്രങ്ങളായി പൊതുവിദ്യാലയങ്ങൾ: മന്ത്രി വി. ശിവൻകുട്ടി

ഒരുകാലത്ത് നഷ്ടകേന്ദ്രങ്ങൾ എന്ന് വിമർശിക്കപ്പെട്ടിരുന്ന പൊതുവിദ്യാലയങ്ങൾ ഇന്ന് കേരളത്തിലെ ഓരോ പൗരനും അഭിമാനകരമായ കേന്ദ്രങ്ങൾ ആയി മാറിയിരിക്കുന്നുവെന്നു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി. 2025-26 അധ്യയന വർഷത്തെ പരിഷ്‌ക്കരിച്ച സ്കൂൾ പാഠപുസ്തകങ്ങളുടെ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച ശേഷം




സംസാരിക്കുകയായിരുന്നു മന്ത്രി. ഭൗതിക വികസനത്തോടൊപ്പം, അക്കാദമിക് ഉള്ളടക്കത്തിലും സമയബന്ധിതവും ദർശനാത്മകവുമായ പരിഷ്കാരങ്ങൾ ഉണ്ടായിട്ടുണ്ട്. പൊതുജനങ്ങളെ ഉൾപ്പെടുത്തി വിശാലമായ ചർച്ചകളിലൂടെ വികസിപ്പിച്ചെടുത്ത പാഠ്യപദ്ധതി ചട്ടക്കൂട് 2023, പങ്കാളിത്ത സമീപനത്തിന്റെ തിളക്കമാർന്ന ഉദാഹരണമാണെന്നു മന്ത്രി പറഞ്ഞു. ശാസ്ത്ര സാങ്കേതിക മേഖലയിലെ ഏറ്റവും പുതിയ പുരോഗതിക്കനുസൃതമായി പാഠപുസ്തകങ്ങൾ പരിഷ്കരിച്ചു. എ.ഐ., റോബോട്ടിക്സ് എന്നിവയുടെ സംയോജനം ഉൾപ്പെടെയുള്ള നൂതന അധ്യാപന രീതികൾ സ്വീകരിച്ച് അധ്യാപകർക്ക് ശരിയായ പരിശീലനം നൽകിവരുന്നുവെന്നും മന്ത്രി അറിയിച്ചു.

ചടങ്ങിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ അനിൽ, ആന്റണി രാജു എംഎൽഎ., നവകേരളം കർമപദ്ധതി സംസ്ഥാന കോഡിനേറ്റർ ഡോ. ടി.എൻ. സീമ, വഴുതക്കാട് വാർഡ് കൗൺസിലർ രാഖി രവികുമാർ, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഷാനവാസ് എസ്, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ. ആർ. കെ. ജയപ്രകാശ്, കെ.ബി.പി.എസ്. മാനേജിങ് ഡയറക്ടർ സുനിൽ ചാക്കോ, എസ്.എസ്.കെ. സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ എ. ആർ. സുപ്രിയ, കൈറ്റ് സി.ഇ.ഒ. കെ. അൻവർ സാദത്ത്, എസ്.ഐ.ഇ.ടി. ഡയറക്ടർ ബി. അബുരാജ്, വിദ്യാകിരണം മിഷനിലെയും വിദ്യാഭ്യാസ വകുപ്പിലെയും ഉദ്യോഗസ്ഥർ, അധ്യാപകർ, രക്ഷിതാക്കൾ, വിവിധ സ്കൂളുകളിൽ നിന്നുള്ള വിദ്യാർഥികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# 'കുരുന്നെഴുത്തുകൾ' പ്രകാശനം ചെയ്തു

വിദ്യാകിരണം മിഷൻ പ്രസിദ്ധീകരിച്ച ഒന്നാം ക്ലാസിലെ കുട്ടികളുടെ ഡയറിക്കുറിപ്പുകളും രക്ഷിതാക്കളുടെയും അധ്യാപകരുടെയും അനുഭവക്കുറിപ്പുകളും ഉൾക്കൊള്ളുന്ന പുസ്തകം കുരുന്നെഴുത്തുകൾ പ്രകാശനം ചെയ്തു. ഒന്നാം ക്ലാസിലെ കുട്ടികളുടെ സർഗാത്മക രചനകൾ സംസ്ഥാന വിദ്യാഭ്യാസ മന്ത്രി തന്നെ എഡിറ്ററായി പ്രസിദ്ധീകരിക്കുന്നത് രാജ്യത്ത് തന്നെ ഇത് ആദ്യമാണ്. കുട്ടികളുടെ ചിന്തകളുടെയും എഴുത്തിന്റെയും ഉയർന്നുവരുന്ന വൈകാരിക തലവും പ്രകടിപ്പിക്കുന്നതിലെ വൈവിധ്യവും ശ്രദ്ധേയമാണ്. ആയിരക്കണക്കിന് ഡയറിക്കുറിപ്പുകൾ സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ



നിന്നും ലഭിക്കുകയുണ്ടായി. അവയിൽ നിന്നുമുള്ള എഴുത്തുകൾ ആണ് പുസ്തകത്തിലെ ഉള്ളടക്കം.

പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനത്തോടൊപ്പമാണ് കുരുന്നെഴുത്തുകളുടെ പ്രകാശനവും നടന്നത്. രചയിതാക്കളായ വിദ്യാർത്ഥികൾക്ക് തന്നെ പുസ്തകം കൈമാറിക്കൊണ്ടാണ് മന്ത്രി വി. ശിവൻകുട്ടി പ്രകാശനം നിർവഹിച്ചത്.

## ലൈഫിൽ കരുതലിന്റെ തണലൊരുക്കി ചിറക്കൽ; സമ്പൂർണ ഭവന നിർമാണ പ്രഖ്യാപനം നടത്തി മന്ത്രി

ഭവന രഹിതരില്ലാത്ത കേരളം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനായി ആരംഭിച്ച ലൈഫ് മിഷന്റെ ഭാഗമായി ചിറക്കൽ ഗ്രാമപഞ്ചായത്തിൽ ഭൂമിയുള്ള ഭവനരഹിതർക്കുള്ള സമ്പൂർണ ഭവന നിർമ്മാണ പ്രഖ്യാപനം സഹകരണ, ദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവൻ നിർവഹിച്ചു. ലൈഫ് ഭവന പദ്ധതിയിലൂടെ ലോകത്തിന് മാതൃകയായി ഇതിനോടകം 4,30,000 വീടുകൾ നിർമ്മിച്ചു. 50,000 ത്തോളം വീടുകൾ പൂർത്തീകരിക്കുവാൻ പോവുകയാണ്. കെ.വി. സുമേഷ് എംഎൽഎ അധ്യക്ഷനായി. കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.കെ. രത്നകുമാരി വിശിഷ്ടാതിഥിയായി. സംസ്ഥാനത്തെ ഭൂമിയുള്ള അർഹരായ എല്ലാ ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ വീടുകൾ നൽകുക എന്ന ലക്ഷ്യത്തോടെയാണ് സമ്പൂർണ്ണ ഭവന നിർമ്മാണ പ്രഖ്യാപനം. കണ്ണൂർ ജില്ലയിലെ ആദ്യ സമ്പൂർണ്ണ ഭവന നിർമ്മാണ പ്രഖ്യാപനമാണ് ചിറക്കൽ ഗ്രാമപഞ്ചായ




ത്തിൽ നടന്നത്. അർഹരായ 146 കുടുംബങ്ങളാണ് വീടിനായി അപേക്ഷ സമർപ്പിക്കുകയും പഞ്ചായത്തുമായി കരാറിലേർപ്പെട്ട് ഭവന നിർമ്മാണ ആനുകൂല്യം കൈപ്പറ്റുകയും ചെയ്തത്. 134 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചു. ബാക്കിയുള്ള വീടുകളുടെ നിർമ്മാണ പ്രവൃത്തി അവസാന ഘട്ടത്തിലാണ്.

## ലൈഫ് മിഷനിലൂടെ പത്തനംതിട്ട ജില്ലയിൽ 13443 വീടുകൾ പൂർത്തീകരിച്ചു

പത്തനംതിട്ട ജില്ലയിൽ ശ്രദ്ധേയ നേട്ടം കൈവരിച്ച് ലൈഫ് മിഷൻ. പദ്ധതിയുടെ ഭാഗമായി ജില്ലയിൽ പൂർത്തികരിച്ചത് 13443 വീടുകൾ. ആദ്യഘട്ടത്തിൽ അപേക്ഷ സമർപ്പിച്ച 1194 വീടുകളിൽ 1176 എണ്ണം പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിൽ 2056 ഭവനം നിർമിച്ചു. 48 വീടുകൾ നിർമാണത്തിലാണ്. മൂന്നാം ഘട്ടത്തിൽ ഭൂരഹിതരുടെ പുനരധിവാസമാണ് നടപ്പാക്കുന്നത്. ജില്ലയിൽ ഭൂമിയും വീടും ഇല്ലാത്ത 1149 ഗുണഭോക്താക്കളിൽ 974 പേരുടെ ഭവന നിർമാണം പൂർത്തിയായി. 175 വീടുകൾ നിർമാണഘട്ടത്തിലാണ്.

ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിന്റെ പട്ടികയിൽ ഉൾപ്പെടാത്ത പട്ടികജാതി, പട്ടിക വർഗ, മത്സ്യതൊഴിലാളി ഗുണഭോക്താക്കളിൽ 1372 പേർക്ക് ഭവനനിർമാണം പൂർത്തിയാക്കി. 370 വീടുകൾ നിർമാണഘട്ടത്തിലാണ്. ലൈഫ് 2020 ൽ 3235 ഭവനനിർമാണം പൂർത്തീകരിച്ചു. 1443 ഭവനങ്ങൾ നിർമ്മാണ ഘട്ടത്തിലാണ്. പന്തളം നഗരസഭയിൽ ലൈഫ് ടവറുകളുടെ നിർമാണം പുരോഗമിക്കുകയാണ്.

## കോട്ടയം ജില്ലയിൽ ഭവനരഹിതർക്കു തണലായി 16,937 ലൈഫ് മിഷൻ വീടുകൾ

ഭവനരഹിതരുടെ പ്രശ്നങ്ങൾക്ക് സമഗ്രപരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് മിഷൻ പദ്ധതിയിലൂടെ കോട്ടയം ജില്ലയിൽ ഒൻപത് വർഷത്തിനുള്ളിൽ നിർമിച്ചത് 16,937 വീടുകൾ. ഒൻപത് നിയമസഭാ മണ്ഡലങ്ങളിലുമായി 940.93 കോടി രൂപയാണ് ഇതിനായി സർക്കാർ ചെലവഴിച്ചത്. പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ 3048 വീടുകൾക്കായി 119.74 കോടി രൂപയും വൈക്കത്തെ 2865 വീടുകളുടെ നിർമാണത്തിനായി 109.65 കോടിയും മുടക്കി. 1913 വീടുകൾക്കായി പാലാ മണ്ഡലത്തിൽ 146.93 കോടിയും ഏറ്റുമാനൂർ മണ്ഡലത്തിൽ 1868 വീടുകൾക്കായി 77.60 കോടിയും വിനിയോഗിച്ചു. കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ 1824 വീടിനായി 146.01 കോടിയാണ് ചെലവഴിച്ചത്. 1676 വീടുകൾ നിർമ്മിക്കുന്നതിനായി കടുത്തുരുത്തി മണ്ഡലത്തിൽ 62.70 കോടി രൂപയും പുതുപ്പള്ളിയിലെ 1216 വീടുകൾക്കായി 54.55 കോടിയും ചങ്ങനാശേരി നിയോജക മണ്ഡത്തിലെ 1159 വീടുകൾക്കായി 146.01 കോടിയും സർക്കാർ ചെലവഴിച്ചു. ഭൂരഹിതർക്ക് ഭവനനിർമാണത്തിന് ഭൂമി വാങ്ങുന്നതിനായി ഒൻപത് മണ്ഡലങ്ങളിലായി 1927 ഉപയോക്താക്കൾക്ക് 38.57 കോടി രൂപ സർക്കാർ നൽകി. കാഞ്ഞിരപ്പള്ളി; 390 പേർക്ക് 7.98 കോടി, പൂഞ്ഞാർ;372 പേർക്കായി 7.5 കോടി, പാലാ;256 പേർക്കായി 4.8 കോടി, പുതുപ്പള്ളി; 267 പേർക്കായി 5.49 കോടി, ചങ്ങനാശേരി; 187 പേർക്കായി 3.5 കോടി, ഏറ്റുമാനൂർ; 160 പേർക്കായി 3.21 കോടി, കടുത്തുരുത്തി;157 പേർക്കായി 3.16 കോടി, കോട്ടയം; 73 ഗുണഭോക്താക്കൾക്കായി 1.48 കോടി, വൈക്കം: 65 പേർക്കായി 1.3 കോടി എന്നിങ്ങനെയാണ് സർക്കാർ ചെലവഴിച്ചത്.

## മനസ്സോടിത്തിരി മണ്ണ് : തണലേകുന്നത് 20 കുടുംബങ്ങൾക്ക്

തലചായ്ക്കാൻ സ്വന്തമായൊരിടം എന്ന സ്വപ്നങ്ങൾക്ക് ചിറകേകുകയാണ് ചാലിശ്ശേരി വട്ടേക്കാട്ടുകുളത്ത് വി.വി. ബാലകൃഷ്ണൻ. ലൈഫ് പദ്ധതി ഗുണഭോക്താക്കൾക്ക് ഭവന നിർമാണത്തിന് ആവശ്യമായ ഭൂമി സ്വരൂപിക്കാൻ സർക്കാർ ആവിഷ്കരിച്ച 'മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി ഒരേക്കർ സ്ഥലം പഞ്ചായത്തിന് വിട്ടുനൽകിയാണ് ബാലകൃഷ്ണൻ മാതൃകയായത്. മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിനിലൂടെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിൽ 20 കുടുബങ്ങൾക്ക് മൂന്ന് സെന്റ് വീതം ഭൂമിയാണ് ബാലകൃഷ്ണൻ സൗജന്യമായി നൽകിയത്. ശേഷിക്കുന്ന ഭൂമിയിലായി പഞ്ചായത്തിൽ അങ്കണവാടിയും പകൽവീടും ഒരുക്കും. ചാലിശ്ശേരി സർവ്വീസ് സഹകരണ ബാങ്കിലെ മുൻ പ്രസിഡന്റാണ് ബാലകൃഷ്ണൻ. മനസ്സോടി



ത്തിരി മണ്ണിന്റെ ഭാഗമായി പാലക്കാട് തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിലെ ഭൂമി വിതണോദ്ഘാടനം തദ്ദേശ സ്വയംഭരണ മന്ത്രി എം.ബി. രാജേഷ് ഉദ്ഘാടനം ചെയ്തു. തിരുമിറ്റക്കോട് കോഓപ്പറേറ്റീവ് ബാങ്ക് ഹാളിൽ നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി. സുഹ്റ അധ്യക്ഷയായി.

# കണ്ണൂർ സിവിൽ സ്റ്റേഷൻ ഓഫീസുകൾ ഇനി സമ്പൂർണ്ണ ഹരിതം

കണ്ണൂർ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കണ്ണൂർ കളക്ടറേറ്റിലെയും അനുബന്ധ സിവിൽ സ്റ്റേഷനിലെയും മുഴുവൻ ഓഫീസുകളും ഹരിത സ്ഥാപനങ്ങളായി പ്രഖ്യാപിച്ചു ചടങ്ങ് രജിസ്ട്രേഷൻ പുരാവസ്തു വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. സിവിൽ സ്റ്റേഷനിലെ അജൈവമാലിന്യ സംസ്കരണ പ്രവർത്തനത്തിൽ മുഖ്യ പങ്ക് വഹിക്കുന്ന ഹരിത കർമ സേന അംഗങ്ങൾക്കുള്ള ഉപഹാര വിതരണവും മന്ത്രി നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വക്കേറ്റ് രത്നകുമാരി അധ്യക്ഷത വഹിച്ചു. കലക്ടർ അരുൺ കെ വിജയൻ ഐഎഎസ് ഓഫീസുകൾക്കുള്ള ഹരിത സ്ഥാപന സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഹരിത കേരളം മിഷൻ, ശുചിത്വമിഷൻ, കളക്ടറേറ്റ് സർജന്റ് എന്നിവരുടെ സംയുക്ത ടീമാണ് പരിശോധന പൂർത്തീകരിച്ചത്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, സൗന്ദര്യവൽക്കരണം, ഹരിത ചട്ട പാലനം തുടങ്ങിയ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് പരിശോധന നടത്തിയത്. ഓഫീസ് സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി 2843 ചെടിച്ചട്ടികളിലായി വിവിധയിനം ചെടികൾ നട്ടു പരിപാലിച്ചു വരുന്നുണ്ട്. ഇതിനുപുറമേ വൃക്ഷത്തൈകൾ



വള്ളിച്ചെടികൾ ഇൻഡോർ പ്ലാന്റുകൾ വെർട്ടിക്കൽ ഗാർഡൻ എന്നിവയുമുണ്ട്. ജൈവ മാലിന്യ സംസ്കരണത്തിനായി പൊതു സംവിധാനം എന്ന നിലയിൽ തുമ്പൂർമുഴി കമ്പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ട്. ജീവനക്കാർക്ക് ഭക്ഷണം കഴിക്കുന്നതിനായി ഓഫീസ് ഹരിത ചട്ട പാലനത്തിന്റെ ഭാഗമായി കഴുകി പുനരുപയോഗിക്കാവുന്ന പ്ലേറ്റുകളും ഗ്ലാസുകളും സമാഹരിച്ച് സൂക്ഷിച്ചിട്ടുണ്ട്. ഓഫീസ് പ്രവർത്തനങ്ങളുടെ ഭാഗമായി രൂപപ്പെടുന്ന മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനായി 255 ബിന്നുകൾ സജ്ജമാക്കിയിട്ടുണ്ട്. ഇവയിലെ മാലിന്യങ്ങൾ എല്ലാം തന്നെ പ്രതിമാസം ഹരിത കർമസേനയ്ക്ക് കൈമാറുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

# ഗ്രീനാകാൻ ക്ലീനായി ഹിൽപാലസ്

## മെഗാ ക്ലീനിങ് ഡ്രൈവ് സംഘടിപ്പിച്ചു

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി എറണാകുളം തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയത്തിൽ മെഗാ ക്ലീനിങ് ഡ്രൈവ് സംഘടിപ്പിച്ചു. തൃപ്പൂണിത്തുറ നഗരസഭ ചെയർപേഴ്സൺ രമ സന്തോഷ് ഉദ്ഘാടനം നടത്തി. നഗരസഭ വൈസ് ചെയർമാൻ കെ.കെ പ്രദീപ് കുമാർ അധ്യക്ഷത വഹിച്ചു. തൃപ്പൂണിത്തുറ നഗരസഭയുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷന്റെ സഹ



കരണത്തോടെ നഗരസഭ ഹെൽത്ത് വിഭാഗവും, മ്യൂസിയം ജീവനക്കാരും വിവിധ കോളേജുകളായ രാജഗിരി കോളേജ് ഓഫ് മാനേജ്മെന്റ് ആൻഡ് അപ്ലൈഡ് സയൻസ്, സെന്റ് തോമസ് ആർട്സ് ആൻഡ് സയൻസ് കോളേജ് പുത്തൻകുരിശ്, കൊച്ചിൻ ആർട്സ് ആൻഡ് സയൻസ് കോളേജ്, എസ്. എച്ച് തേവര കോളേജ് എന്നീ കോളേജുകളുടെ എൻ.എസ്. എസ് വോളണ്ടിയേഴ്സ് ഉൾപ്പെടെയുള്ളവർ ചേർന്നാണ് മാസ്സ് ക്ലീനിങ് ഡ്രൈവിംഗ് നടത്തിയത്. ചടങ്ങിൽ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സി എ ബെന്നി സ്വാഗതം പറഞ്ഞു. അർജുൻ കൃതജ്ഞത പറഞ്ഞു.

# കണ്ണപുരം സംസ്ഥാനത്തെ ആദ്യ ഹരിത റെയിൽവേ സ്റ്റേഷൻ

കണ്ണൂർ ജില്ലയിലെ കണ്ണപുരം റെയിൽവേ സ്റ്റേഷൻ ഹരിത റെയിൽവേ സ്റ്റേഷൻ ആയി പ്രഖ്യാപിച്ചു. റെയിൽവേ സ്റ്റേഷൻ ശുചിത്വപൂർണ്ണമായി സൂക്ഷിക്കുന്നതിനും മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിലും മാതൃകാപരമായ പ്രവർത്തനങ്ങളാണ് കാഴ്ച വെച്ചിട്ടുള്ളത്. ജൈവമാലിന്യ സംസ്കരണത്തിനായി ഇവിടെ റിംഗ് കമ്പോസ്റ്റ് വളരെ നല്ല രീതിയിൽ പ്രയോജനപ്പെടുത്തുന്നു. അജൈവ മാലിന്യ ശേഖരണത്തിനും സംഭരണത്തിനായി റെയിൽവേ സ്റ്റേഷനിൽ ഒരു പ്രത്യേക റൂം തന്നെ ഒരുക്കിയിട്ടുണ്ട്. മാസത്തിൽ രണ്ട് തവണ ഹരിത കർമ സേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. ബോട്ടിലുകൾ ശേഖരിക്കാൻ ബോട്ടിൽ ബൂത്തുകളും പൊതുജനങ്ങൾക്ക് പ്ലാസ്റ്റിക്കും മറ്റും നിക്ഷേപിക്കാൻ ഒന്നിടവിട്ട സ്ഥലങ്ങളിലായി ബിന്നുകളും ഇവിടെ സജ്ജീകരിച്ചിരിക്കുന്നു. വളരെ വൃത്തിയുള്ള ശുചിമുറികൾ നിലനിർത്തുന്നതിനും സൗന്ദര്യവൽക്കരണത്തിൽ ശ്രദ്ധിക്കുന്നതിനും റെയിൽവേ അധികൃതർ വിജയിച്ചിട്ടുണ്ട്. ലഭ്യമായ സ്ഥലത്ത് ചെറിയ പൂന്തോട്ടവും ചെടിച്ചട്ടികളും വെച്ചുകൊണ്ട് സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ദിവസേന വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങൾ ശേഖരിക്കാൻ പ്രത്യേക ശുചീകരണ തൊഴിലാളികളെയും ഇവിടെ നിയോഗിച്ചിട്ടുണ്ട്. യാത്രക്കാർക്കുള്ള കുടിവെള്ള




സൗകര്യവുമുണ്ട്. ദ്രവമാലിന്യ സംസ്കരണത്തിലുൾപ്പെടെ മാതൃകാപരമായ പ്രവർത്തനങ്ങളാണ് റെയിൽവേ സ്റ്റേഷനിൽ നടക്കുന്നത്. മറ്റു റെയിൽവേ സ്റ്റേഷനുകൾക്കുള്ള അനുകരണീയ മാതൃകയാണ് കണ്ണപുരം റെയിൽവേ സ്റ്റേഷൻ.

# ചേലോടെ ചെങ്ങോട്ടുകാവ്

കോഴിക്കോട് ചെങ്ങോട്ടുകാവ് ഗ്രമപചഞ്ചായത്ത് വാർഡ് 9 ൽ മാലിന്യമുക്തം നവകേരളം ഒന്നാം ഘട്ടം മുതൽ നിരവധിയായ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. ശുചിത്വ സന്ദേശയാത്രയും ബോധവത്കരണ ക്ലാസുകളും നടത്തി. ആദ്യ ഘട്ടം മുതൽ തന്നെ 100% യൂസർഫീ നല്കുന്ന വാർഡായി വാർഡ് 9 മാറി. വാർഡിലുള്ള മാലിന്യങ്ങൾ കൃത്യമായി ഇവിടെ എത്തിച്ച് തരം തിരിച്ച് ഏജൻസിക്ക് കൈമാറുന്നു. വീടുകളിലെ അജൈവ മാലിന്യങ്ങൾ ഹരിത കർമസേന ശേഖരിച്ച് MCF ൽ എത്തിക്കുന്നു. വാർഡിലെ 175 ഓളം കുട്ടികളെ ചേർത്ത് ഒരു ശുചിത്വ സേന ഉണ്ടാക്കുകയും അവർ അവധി ദിവസങ്ങളിൽ പൊതു ഇടങ്ങൾ വൃത്തിയാക്കുകയും ചെയ്യുന്നു. ബാക്കിയുള്ള 6 ദിവസങ്ങളിൽ ഓരോ വീട്ടിൽ നിന്നും രണ്ടോ മൂന്നോ പേർ പങ്കെടുത്ത് വാക്ക് വിത്ത് മെമ്പർ എന്ന പേരിൽ പ്രഭാത സവാരി സമയത്ത് വാർഡിലെ ഓരോ റോഡുകളും ശുചിയാക്കുന്നു. അങ്ങനെ എല്ലാ വീടുകളിലേക്കും ശുചിത്വ കേരള സന്ദേശം എത്തിക്കാൻ ശ്രമിക്കുന്നു.



## കാസർഗോഡ് ജില്ലാ ജലസുരക്ഷാ പ്ലാൻ തയ്യാറാക്കി

കാസർഗോഡ് ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കി. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കോഴിക്കോട് സി ഡബ്ല്യൂ ആർ ഡി എം നൽകിയ രീതിശാസ്ത്രം അടിസ്ഥാനപ്പെടുത്തിയാണ് ജലബജറ്റ് തയ്യാറാക്കിയത്. ജില്ലയിലെ 41 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും തയ്യാറാക്കിയ ജലബജറ്റിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലാ ജലബജറ്റിലേക്കും ജലസുരക്ഷാ പ്ലാനിലേക്കും നീങ്ങിയത്. ജില്ലാ സാങ്കേതിക സമിതി യോഗം ചേർന്ന് ജില്ലാ ജലബജറ്റിനും ജില്ലാ ജലസുരക്ഷ പ്ലാനിനും അംഗീകാരം നൽകിയിട്ടുണ്ട്. ജലസേചന വകുപ്പിൽ നിന്ന് ലഭിച്ച 10 വർഷത്തെ പ്രതിദിന മഴയളവുകളുടെ പത്ത് ദിവസം വീതമുള്ള ശരാശരി കണക്കാക്കിയാണ് ജലലഭ്യത കണ്ടെത്തിയത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി, നബാർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ചെറുകിട ജലസേചനം, ഭൂജലവകുപ്പ്, കൃഷിവകുപ്പ്, വനംവകുപ്പ്, മണ്ണുസംരക്ഷണ വകുപ്പ്, സിപിസിആർഐ, ജലസേചന വകുപ്പ് എന്നീ മേഖലയിലെ പ്രോജക്ടുകളെ ആവശ്യത്തിന് അനുസരിച്ച് ഏകോപിപ്പിച്ചാണ് ജലസുരക്ഷാ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

ജലസംരക്ഷണത്തിൽ സുസ്ഥിരത ഉറപ്പാക്കുന്നതിന് ഹരിതകേരളം നീർത്തടാധിഷ്ഠിത മാസ്റ്റർപ്ലാൻ നിർദ്ദശങ്ങൾ പൂർണ്ണമായും ജില്ലാതല സാങ്കേതിക സമിതി പരിഗണിച്ചിട്ടുണ്ട്. ഓരോ നദീതടങ്ങളെയും നീർത്തടങ്ങളെയും അടിസ്ഥാനമാക്കി നടത്തിയ ചർച്ചകളും, നീർത്തട നടത്തങ്ങളും, ഗ്രാമസഭകളും ജലസുരക്ഷാ പ്ലാൻ തയ്യാറാക്കാൻ പ്രയോജനപ്പെടുത്തി. മൺതരങ്ങളും, ആവാസമേഖലയും പ്രത്യേകമായി വിലയിരുത്തിയാണ് പ്ലാൻ തയ്യാറാക്കിയത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- നീരുറവ് സമഗ്ര മാസ്റ്റർ പ്ലാൻ അനുസരിച്ച് തോടുകളിലും, പുഴകളിലും, പൊതുസ്ഥലങ്ങ ളിലും, സ്വകാര്യ ഭൂമിയിലും ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്.

## ഹരിത ടൗൺ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലീനിങ് ഡ്രൈവ്

എറണാകുളം കുമ്പളങ്ങിയിലെ തെരുവുകളും പാതയോരങ്ങളും ഇനി പൂക്കളും ചെടികളും നിറഞ്ഞ് മനോഹരമാകും. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ കുമ്പളങ്ങി ചെല്ലാനം കണ്ട കടവ് റോഡ്



മാലിന്യങ്ങളും പുല്ലുകളും നീക്കി ശുചീകരണം നടത്തി.

രാവിലെ മുതൽ ആരംഭിച്ച ശുചീകരണ പ്രവർത്തനത്തിൽ ജനപ്രതിനിധികൾ ഹരിത കർമസേന, തൊഴിലുറപ്പു തൊഴിലാളികൾ, പഞ്ചായത്ത് ശുചീകരണ തൊഴിലാളികൾ, ഓട്ടോറിക്ഷാ ഡ്രൈവർമാർ, നേച്ചർ ക്ലബ്ബ്, വിൻസ് സൊസൈറ്റി, എന്നിവയുടെ സന്നദ്ധ പ്രവർത്തകർ തുടങ്ങി നിരവധിപേർ പങ്കെടുത്തു. ശുചീകരണ പരിപാടി ഗ്രാമഞ്ചായത്ത് പ്രസിഡന്റ് സൂസൻ ജോസഫ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് പി. എ സഗീർ, വാർഡ് മെമ്പർ ശ്രീമതി എന്നിവർ പ്രസംഗിച്ചു.

മാലിന്യം നീക്കം ചെയ്തു ശുചീകരിച്ച ശേഷം റോഡിന് ഇരുവശവും ചെടികൾ വെച്ചു പിടിപ്പിച്ച് മനോഹരമാക്കും. നിരവധി ടൂറിസ്റ്റുകളാണ് ദിനംപ്രതി കുമ്പളങ്ങിയുടെ മനോഹാരിത ആസ്വദിക്കാൻ ഇവിടെ എത്തിച്ചേരുന്നത്. ടൂറിസ്റ്റു സൗഹൃദകേന്ദ്രമായി കുമ്പളങ്ങിയെ മാറ്റി തീർക്കുകയാണ് ഈ ജനകീയ ക്യാമ്പയിനിലൂടെ ഗ്രാമ പഞ്ചായത്ത് ലക്ഷ്യം വയ്ക്കുന്നതെന്ന് ഗ്രാമഞ്ചായത്ത് പ്രസിഡന്റ് സൂസൻ ജോസഫ് പറഞ്ഞു.

# ഡിജിറ്റൽ ഹെൽത്ത് യാഥാർത്ഥ്യത്തിലേക്ക്: 750 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത്




സംസ്ഥാനത്തെ 752 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് സംവിധാനം സജ്ജമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മെഡിക്കൽ കോളേജുകളിലെ 18 സ്ഥാപനങ്ങൾ കൂടാതെ 33 ജില്ല/ജനറൽ ആശുപത്രികൾ, 88 താലൂക്ക് ആശുപത്രികൾ, 42 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 501 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 50 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 14 സ്പെഷ്യാലിറ്റി ആശുപത്രികൾ, 3 പബ്ലിക് ഹെൽത്ത് ലാബുകൾ, 3 മറ്റ് ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലാണ് ഇ ഹെൽത്ത് നടപ്പിലാക്കിയത്. മുഴുവൻ ആശുപത്രികളും ഇ ഹെൽത്ത് സംവിധാനം നടപ്പിലാക്കുകയാണ് ലക്ഷ്യം. ഡിജിറ്റലായി പണമടയ്ക്കാനുള്ള സംവിധാനം, ഓൺലൈനായി ഒപി ടിക്കറ്റ്, Me Health ആപ്പ്, സ്കാൻ എൻ ബുക്ക് സംവിധാനങ്ങൾ എന്നിവ സജ്ജമാക്കിയതായും മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്ത് ഇ ഹെൽത്ത് സേവനം നേടുന്നവരുടെ എണ്ണം വളരെ കൂടിയിട്ടുണ്ട്. ഇതുവരെ 2.61 കോടിയിലധികം ജനങ്ങൾ ഇ ഹെൽത്തിലൂടെ സ്ഥിര യു.എച്ച്.ഐ.ഡി. രജിസ്ട്രേഷൻ എടുത്തു. താത്ക്കാലിക രജിസ്ട്രേഷനിലൂടെ 8.51 കോടിയിലധികമാണ് ചികിത്സ തേടിയത്. 13.98 ലക്ഷം പേരാണ് ഇ-ഹെൽത്ത് സംവിധാനത്തിലൂടെ അഡ്മിറ്റായി ചികിത്സ തേടിയത്. 3.39 കോടിയിലധികം പ്രീ ചെക്കപ്പ്, 8.16 കോടിയിലധികം ഡയഗ്നോസിസ്, 5.31 കോടിയിലധികം പ്രിസ്ക്രിപ്ഷൻ, 1.82 കോടിയിലധികം ലാബ് പരിശോധനകൾ എന്നിവയും ഇ ഹെൽത്തിലൂടെ നടത്തി.

ഇ-ഹെൽത്തിലൂടെ ആശുപത്രിയിൽ ക്യൂ നിൽക്കാതെ നേരത്തെ തന്നെ ഒപി ടിക്കറ്റ് എടുക്കാൻ കഴിയുന്നു. വീണ്ടും ചികിത്സ തേടണമെങ്കിൽ ആശുപത്രിയിൽ നിന്നും തന്നെ അഡ്വാൻസ് ടോക്കൺ എടുക്കാനുള്ള സംവിധാനവും സജ്ജമാണ്. ഇ ഹെൽത്ത് പോർട്ടൽ (https://ehealth.kerala.gov.in) വഴിയും എം-ഇഹെൽത്ത് ആപ്പ് (https://play.google.com/store/apps/details?id=in.gov.kerala.ehealth.mhealth) വഴിയും അഡ്വാൻസ് ടോക്കൺ എടുക്കാം. ഇതിലൂടെ കാത്തിരിപ്പ് വളരെ കുറയ്ക്കാനാകും.

# മാലിന്യമുക്തം മലപ്പുറം ജില്ലാ തല പ്രഖ്യാപനം

വൃത്തിയുള്ള പരിസരവും ആരോഗ്യമുള്ള അന്തരീക്ഷവും ഉറപ്പാക്കി മലപ്പുറം ജില്ല സമ്പൂർണ മാലിന്യമുക്ത പദവിയിലേക്ക്. ജില്ലാ പ്രഖ്യാപനം കോട്ടക്കുന്ന് ഡിടിപിസി ഹാളിൽ പി. ഉബൈദുള്ള എം.എൽ.എ. ഉദ്ഘാടനം ചെയ്തു. യു.എ. ലത്തീഫ് എം.എൽ.എ. അധ്യക്ഷനായി. കലക്ടർ വി.ആർ. വിനോദ് മുഖ്യപ്രഭാഷണം നടത്തി. ചടങ്ങിൽ മാലിന്യ സംസ്കരണ മേഖലയിൽ മികവ് പുലർത്തിയ പഞ്ചായത്ത്, നഗരസഭ, ബ്ലോക്ക്, സ്ഥാപനം, സിഡിഎസ് എന്നിവയെ അനുമോദിച്ചു. മലപ്പുറം നഗരസഭാ ചെയർമാൻ മുജീബ് കാടേരി, പൊന്നാനി നഗരസഭാ ചെയർമാൻ ശിവദാസൻ ആറ്റുപുറം, തിരൂരങ്ങാടി നഗരസഭാ ചെയർമാൻ കെ.പി. മുഹമ്മദ്കുട്ടി, കലാം, പി. സൈതലവി, ജി. വരുൺ, പ്രീതി മേനോൻ, ലതിക, സുരേഷ്, ബീന സണ്ണി, കെ. ശ്രീധരൻ, പി. എസ്. വരുൺ ശങ്കർ എന്നിവർ സംസാരിച്ചു. വി.കെ. മുരളി സ്വാഗതവും പി.ബി. ഷാജു നന്ദിയും പറഞ്ഞു.

## മാലിന്യമുക്ത സിവിൽ സ്റ്റേഷൻ: മലപ്പുറം ജില്ലയിൽ പുതിയ മുന്നേറ്റം

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി മലപ്പുറം സിവിൽ സ്റ്റേഷൻ മാലിന്യമുക്തമായി പ്രഖ്യാപിച്ചു.



ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പരിപാടിയിൽ മന്ത്രി വി.അബ്ദുറഹമാൻ സിവിൽ സ്റ്റേഷനിലെ 63 ഓഫീസുകളെ മാലിന്യമുക്തമായി പ്രഖ്യാപിച്ചു. ശുചിത്വ സിവിൽ സ്റ്റേഷൻ സർട്ടിഫിക്കറ്റ് മന്ത്രി കളക്ടർക്ക് കൈമാറി. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കളക്ടർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## പൂക്കോട്ടുപാടം കതിർഫാം ഇനി ഹരിത ടൂറിസം കേന്ദ്രം

മാലിന്യമുക്ത നവകേരളം രണ്ടാംഘട്ട ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിലെ കതിർഫാം ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ച് സർട്ടിഫിക്കറ്റ് നൽകി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇല്ലിക്കൽ ഹുസൈൻ ഉദ്ഘാടനം ചെയ്ത് ഹരിത ടൂറിസം പ്രഖ്യാപനം നടത്തി. ആരോഗ്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ അനീഷ് കവളമുക്കട്ട അധ്യക്ഷത വഹിച്ചു.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01. Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246